മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 15 THE ONLINE OFFICIAL NEWS BULLETIN 2026 April 09

SEASON OF RESURRECTION | ഉയിർപ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
12 (8, 1) New Sunday, Faith Declaration Sunday (Faith of St. Thomas - My Lord & My God), Comme. of St. Yulios of Rome, 13th Mem. Geevarghese Mar Ivanios (Njaliyakuzhi Dayara)	13 (5)	14 (1) 340th Mem.of Mar Thoma II Niranam Valiya Pali	15 (5)	16 (1) 204th Mem. of Mar Thoma VIII (Puthencavu Cathedral)	17 (5) 75th Mem. of "Catholicatente Ratnadeepam" Geevarghese Mar Philexinos (Puthencavu Cathedral)	18 (1)



പ. പാമ്പാടി തിരുമേനിയുടെ 61-ാം ഓർമ്മപെരുന്നാളിനു പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവാ മുഖ്യകാർമികത്വം വഹിച്ചു.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോട്ടയം മുട്ടമ്പലം മുനിസിപ്പൽ ലൈബ്രറിയിൽ വോട്ട് രേഖപ്പെടുത്തി.



കൊച്ചി ഭദ്രാസനത്തിലെ നെഹ്റു നഗർ സെന്റ് ഗ്രീഗോറിയോസ് ഇടവകയിലെ സജി ചാക്കോയുടെയും ഡോ. മിമി സജിയുടെയും മകളായ നോറ മരിയ സജി വരച്ച പാമ്പാടി തിരുമേനിയുടെ ഐക്കൺ ചിത്രം പാമ്പാടി മാർ കുര്യാക്കോസ് ദയറയിൽ നടന്ന തിരുമേനിയുടെ 61-മത് ഓർമ്മ പെരുന്നാളിനോടാനുബന്ധിച്ചു പരിശുദ്ധ കാതോലിക്കാ ബാവ പ്രകാശനം ചെയ്തു.



പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ കാൽകഴുകൽ ശുശ്രൂഷയ്ക്കു പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു.

> "നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല."
>
> – പ. പരുമല തിരുമേനി

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1950)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

4-12-1950. കൂടൽ. രാവിലെ കാപ്പിമേശയ്ക്കുശേഷം അതിരുങ്കൽ പള്ളി സന്ദർശനാർത്ഥം അങ്ങോട്ടു പോയി. അവിടെ നമുക്കു ഗംഭീരമായ ഒരു സ്വീകരണവും ഒരു മംഗളപത്രവും അവർ നൽകി. ജാതികളുടെ സഹകരണവും ആത്മാർത്ഥമായ പിന്തുണയും പള്ളിക്കാര്യങ്ങളിൽ അവർക്കുള്ളതായി അവർ നമ്മെ അറിയിച്ചു. "എന്റെ ഭവനം സകല ജാതികൾക്കും പ്രാർത്ഥനാലയമാണെന്നും" അതുകൊണ്ട് സർവ്വ ജാതികളും ദേവാലയത്തിൽ വന്ന് ദൈവത്തെ അറിയണമെന്നും ക്രിസ്തുവിനെ അറിഞ്ഞ് ക്രിസ്തുവിലേക്കു വരുന്നതിന് ഈ ആലയം വഴിതെളിക്കട്ടെ എന്നും നാം ആശംസിച്ചു.

ഉച്ചയ്ക്കുശേഷം നാം അവിടെ നിന്നും പുറപ്പെട്ടു വകയാറ്റ് എത്തി, വകയാറെ ശമുവേൽ കത്തനാരുടെ അപ്പന് തൈലാഭിഷേക കർമ്മം നിർവ്വഹിച്ചു. ശമുവേൽ കത്തനാരുടെ ചാപ്പലും വകയാർ പള്ളിയും നാം സന്ദർശിച്ചു. വൈകിട്ടു കോന്നി പള്ളിയിൽ എത്തി വിശ്രമിച്ചു.

5-12-1950. കോന്നി. കോന്നിയിലും പരിസരങ്ങളിലും ഉള്ള ആളുകൾ നമ്മെ കാണുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനുമായി തടിച്ചുകൂടിക്കൊണ്ടേയിരുന്നു. ഭക്തരായ നമ്മുടെ ആളുകളുടെ സ്നേഹനിർഭരമായ പ്രകടനങ്ങൾ നമ്മെ അതീവ സന്തുഷ്ടനാക്കി. സ്ഥലത്തെ ഹൈന്ദവ പ്രഭവന്മാരും നമ്മെ സന്ദർശിച്ച് അവരുടെ ഭക്തി ബഹുമാനാദരങ്ങൾ പ്രകടിപ്പിച്ചു.


6-12-1950. കോന്നി. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഇട ദിവസമെങ്കിലും ഒരു വമ്പിച്ച ജനക്കൂട്ടം കുർബ്ബാനയിൽ സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം വൈദികയോഗത്തിൽ സംബന്ധിക്കുന്നതിനായി നാം മാക്കാംകുന്നിനു പോയി.

7-12-1950. മാക്കാംകുന്ന്. കൊച്ചുമെത്രാച്ചന്റെ അവധിയെ സംബന്ധിച്ചും ഇടവകയുടെ ഭരണത്തെ സംബന്ധിച്ചും ആലോചിക്കുന്നതിനായി നമ്മുടെ ക്ഷണം അനുസരിച്ച് തുമ്പമൺ ഭദ്രാസനത്തിലെ പട്ടക്കാരുടെ യോഗം ഇന്നു കൂടി. തുമ്പമൺ ഭദ്രാസനത്തിന്റെ ഭരണം നാം തന്നെ നടത്തണമെന്നു തീരുമാനിച്ചു.

ചന്ദനപ്പള്ളി ഇടവകയിൽപെട്ട മാവേലിൽ ദാവീദു കത്തനാർ അദ്ധ്യാപക പണിമുടക്കിൽ ഉൾപ്പെട്ടു പ്രവർത്തിച്ചതിൽ പ്രതിഷേധം രേഖപ്പെടുത്തുകയും എ.റ്റി.എസ്.എ. യിലെ അയാളുടെ അംഗത്വം നിരുപാധികം പിൻവലിച്ച് പരസ്യമായി ക്ഷമാപണം ചെയ്യാതെ തുമ്പമൺ ഭദ്രാസനത്തിലെ ഒരു വൈദികനും അയാളുമായി സഹകരിക്കുകയില്ലെന്നും, സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ നിന്നും ഉടൻ വിരമിപ്പിക്കണമെന്നും പകരം ഓതറ മാത്യൂസ് കത്തനാരെ (പിന്നീട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ കാതോലിക്കാ. - എഡിറ്റർ) നിയമിക്കണമെന്നും യോഗം പാസ്സാക്കി. തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ പട്ടക്കാരും ഹാജരുണ്ടായിരുന്നു.

8-12-1950. മാക്കാംകുന്ന്. മാക്കാംകുന്നു പള്ളിക്കാരുടെ നിർബ്ബന്ധപൂർവ്വമായ അപേക്ഷയെ പരിഗണിച്ച് ഞായറാഴ്ച വരെ അവിടെ താമസിക്കാമെന്നു നാം തീരുമാനിച്ചു.

9-12-1950. മാക്കാംകുന്ന്. രാവിലെ വി. കുർബ്ബാന അണച്ചു. കൊച്ചുമെത്രാച്ചനും ഉണ്ടായിരുന്നു. പള്ളിയിലെ ആദ്യഫല ശേഖര പെരുന്നാളായിരുന്നു. പള്ളിക്ക് നേർച്ചകൾ കൊടുക്കുന്നതിലും കാഴ്ചകൾ കൊണ്ടുവരുന്നതിലും വളരെ ഉത്സാഹം ജനങ്ങൾ പ്രകടിപ്പിച്ചു. ഉച്ചയ്ക്കുശേഷം നാം കോട്ടയത്തിനു യാത്രയായി. സന്ധ്യയോടു കൂടി കോട്ടയത്തെത്തി.



11-12-1950. സുഖക്കേടായി ആശുപത്രിയിൽ കിടക്കുന്ന കുമരകത്തുകാരത്തി നമ്മുടെ അനന്തരവത്തിയെ സന്ദർശിച്ചു. അവൾക്കു കുറവുണ്ട്.

12-12-1950. കോട്ടയം. കൊച്ചുമെത്രാച്ചന്റെ അവധി കേവലം ശരീരാസ്വാസ്ഥ്യം നിമിത്തം അല്ലെന്നും, നാമുമായുള്ള അഭിപ്രായവ്യത്യാസം നിമിത്തമാണെന്നും ആരോ പറഞ്ഞതായി കേട്ടു നാം അദ്ഭുതപ്പെട്ടു. മെത്രാച്ചനു അഭിപ്രായവ്യത്യാസം ഉണ്ടാകാൻ നാം ഇതുവരെയും യാതൊന്നും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാതെ ഇങ്ങനെ ഒക്കെ കേൾക്കാൻ ഇടയായതിൽ ദുഃഖിക്കുന്നു. ദുഷ്ടന്മാരായ ആളുകൾക്കു ദൈവം നല്ല ബുദ്ധി കൊടുക്കട്ടെ.

13-12-1950. കോട്ടയം. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ഇവിടെ എത്തി. മെത്രാച്ചന്റെ സുഖക്കേടു വളരെ കുറവുണ്ടെന്നും മരുന്നുകൾ നിർത്തി എന്നും ഇടവകഭരണം ഇല്ലാത്തതുകൊണ്ടു വളരെ ആശ്വാസം ഉണ്ടെന്നും നമ്മെ അറിയിച്ചു.

15-12-1950. കോട്ടയം. മെത്രാച്ചനും മാളിയേക്കൽ മാത്തുക്കുട്ടിയുമായി കണ്ട് മെത്രാച്ചന്റെ അവധി കാര്യത്തെപ്പറ്റി സുദീർഘം സംസാരിച്ചു.

16-12-1950. നാം വി. കുർബ്ബാന അണച്ചു. കൊച്ചുമെത്രാച്ചനും ഉണ്ടായിരുന്നു. കുർബ്ബാനയ്ക്കുശേഷം നമ്മുടെ പ്രമാണികൾ നമ്മെ വന്നുകണ്ട് സഭാകാര്യങ്ങളെ സംബന്ധിച്ചു സുദീർഘം ചർച്ചകൾ നടത്തി.

17-12-1950. കോട്ടയം. നാം വി. കുർബ്ബാന അണച്ചു. കൊച്ചുമെത്രാച്ചൻ കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു.

18-12-1950. കോട്ടയം. രാവിലെ മെത്രാച്ചൻ ചെങ്ങന്നൂർക്കു പോയി. ധനു 18-നു എപ്പിസ്കോപ്പൽ സുന്നഹദോസ് കൂടണമെന്നു നിശ്ചയിച്ചു മെത്രാച്ചന്മാർക്കു നാം കല്പന അയച്ചു.

19-12-1950. കോട്ടയം. മാർ സോക്കെയുടെ പെരുന്നാൾ ആയിരുന്നു. നാം വി. കുർബ്ബാന അണച്ചു.

20-12-1950. കോട്ടയം. പാറേട്ട് മാത്യൂസ് കത്തനാരും, വട്ടക്കുന്നേൽ കത്തനാരും നമ്മെ സന്ദർശിച്ചു. സഭയുടെ പ്രയാസങ്ങളെക്കുറിച്ചും നിവാരണമാർഗ്ഗങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

21-12-1950. കോട്ടയം. രാവിലെ മാങ്ങാനം ദയറാ സന്ദർശിച്ചു. നമ്മുടെ സെമിനാരി കായലിൽ കൃഷി ഇറക്കി കഴിഞ്ഞ ഈ സന്ദർഭത്തിൽ ഏറ്റത്തിന്റെ തള്ളൽ നിമിത്തം മട വീണതായി നമ്മെ അറിയിച്ചു. മട തടുത്ത് വെള്ളം പറ്റിച്ചു കൃഷി നശിക്കാതെ വേണ്ടതു ചെയ്യാൻ നാം നിർദ്ദേശിച്ചു.

22-12-1950. കോട്ടയം. ഇന്നലെ രാത്രി മി. ഇ. ജെ. ഫീലിപ്പോച്ചൻ ഇവിടെ എത്തി സമുദായ കാര്യങ്ങളെ സംബന്ധിച്ചു സംസാരിച്ചു. കിഴവള്ളൂർ പള്ളിയിലെ അസ്വസ്ഥതകളെ സംബന്ധിച്ചു നമ്മെ അറിയിക്കുന്നതിന് ളാക്കൂർ കത്തനാരും ഇടവകക്കാർ രണ്ടുപേരും കൂടെ ഇവിടെ എത്തി.

രാവിലെ വി. കുർബ്ബാനയ്ക്കുശേഷം നാം കായംകുളത്തിന് യാത്രയായി. ഉച്ചയോടുകൂടി തിരുവല്ലായിൽ എത്തി. ദീവന്നാസ്യോസ് മെത്രാച്ചൻ അരമനയിലുണ്ടായിരുന്നു. ഉച്ചമേശയ്ക്കു ശേഷം തിരുവല്ലയിൽ നിന്നും തിരിച്ചു അഞ്ചു മണിയോടു കൂടി കായംകുളത്തെത്തി.

23-12-1950. കായംകുളം. ഇന്ന് മാർ ബഹനാൻ സഹദായുടെ ഓർമ്മ ആയിരുന്നു. രാവിലെ നാം കായംകുളം വലിയപള്ളിയിൽ വി. കുർബ്ബാന അണച്ചു. കുർബ്ബാനയ്ക്കു ശേഷം 10.30-നു കായംകുളത്തെ മർത്തമറിയം സമാജത്തിന്റെ വാർഷികം നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ഉച്ചയ്ക്കുശേഷം നാം കടമ്പനാടിനു പോയി. ദീവന്നാസ്യോസ് മെത്രാച്ചനും നമ്മോടുകൂടെ ഉണ്ടായിരുന്നു.

24-12-1950. കടമ്പനാട്. ഹോറേബ് ദയറായുടെ പുനപ്രതിഷ്ഠാകർമ്മം നാം നിർവ്വഹിച്ചു. വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. ഉച്ചയോടു കൂടെ നമ്മുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗും നടത്തി.

ഉച്ചയ്ക്കുശേഷം കടമ്പനാട് പള്ളിയുടെ ഒരു പൊതുയോഗം നമ്മുടെ അദ്ധ്യക്ഷതയിൽ ദയറായിൽ വച്ചു കൂടി. പള്ളിയുടെ ശോചനീയമായ നിലയെ സംബന്ധിച്ച് വ്യസനസമേതം എല്ലാവരും വീക്ഷിക്കുകയും ഉടനെതന്നെ പള്ളി പുതുക്കി പണിത് ദേശത്തിനു സംഭവിച്ച അപമാനത്തെ മാറ്റേണ്ടതാണെന്നും തീരുമാനിച്ചു.

നിലവിലിരുന്ന ഭരണരീതി മാറ്റി സമുദായത്തിലെ ഭരണഘടനപ്രകാരം ഭരണം നടത്തേണ്ടതാണെന്നു തീരുമാനിച്ചു. അങ്ങനെ പുതിയ ഭരണസമിതിയും പഴയ കണക്കുകൾ പരിശോധിക്കുന്നതിന് ഓഡിറ്ററന്മാരെയും തിരഞ്ഞെടുത്തു.

പള്ളിപണിക്കാവശ്യമായ ഉദ്ദേശം 25000 രൂപാ പള്ളി വസ്തുക്കൾ ഒറ്റികൊടുത്ത് ഈടാക്കേണ്ടതാണെന്നും തീരുമാനിച്ചു. ഭരണഘടന സമ്മതിച്ചു ഭരണം നടത്താൻ തീരുമാനിച്ചതിനോടെ, ആ ഇടവകയിൽപെട്ട ഒരാൾ പാത്രിയർക്കീസ് കക്ഷിയായി ഭാവിച്ചു മുൻ ട്രസ്റ്റി ടി. സി. മാത്യു വക്കീൽ മുതൽപേരെ പ്രതിയാക്കി ഫയൽ ചെയ്ത കേസ് പിൻവലിക്കാമെന്നു സമ്മതിച്ചു.

25-12-1950. കടമ്പനാട്. കടമ്പനാട് പള്ളി കണക്കുകൾ പരിശോധന ആരംഭിച്ചു. പല ക്രമക്കേടുകളും പിശകുകളും കണക്കിൽ ഉള്ളതായി പരിശോധകർ നമ്മെ അറിയിച്ചു. ഉച്ചയ്ക്കുശേഷം മാർ ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവല്ലായ്ക്കു പോയി.

26-12-1950. കോട്ടയം. രാവിലെ കാപ്പിമേശയ്ക്കുശേഷം നാം കടമ്പനാട്ടു നിന്നും തിരിച്ച് ഉച്ചയോടു കൂടി ഇവിടെ എത്തി.

27-12-1950. കോട്ടയം. മാർ പീലക്സിനോസ് മെത്രാച്ചൻ ഇന്നലെ ഇവിടെ എത്തി താമസിച്ചശേഷം ഇന്ന് ഉച്ചകഴിഞ്ഞ് നിലയ്ക്കൽ കൺവൻഷൻ പ്രമാണിച്ച് അങ്ങോട്ടു പോയി.

28-12-1950. കോട്ടയം. ജനുവരി 2-നു കൂടണമെന്നു വിചാരിക്കുന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസിലേക്കുള്ള ക്ഷണക്കത്ത് ഇന്നേ ദിവസം അയച്ചു.

29-12-1950. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം നേരത്തെ നിശ്ചയിച്ച പ്രോഗ്രാം അനുസരിച്ചു ഓതറ ദയറായിലേക്കു പോകാൻ ഒരുങ്ങി.

30-12-1950. കോട്ടയം. രാവിലെ കാപ്പിമേശയ്ക്കുശേഷം ഓതറയ്ക്കു പോയി.

31-12-1950. ഓതറ. ഇന്നേ ദിവസം നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം ഓതറ ദയറായോടു അനുബന്ധിച്ചു നടത്തണമെന്നു വിചാരിക്കുന്ന അനാഥശാലയ്ക്കു ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. മാർ പീലക്സിനോസ് മെത്രാച്ചനും ഉണ്ടായിരുന്നു.

ദയറായുടെ പ്രവർത്തനം കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നതിൽ നാം അത്യധികം സന്തോഷിക്കുന്നു. മാത്യൂസ് കത്തനാരുടെ ഉത്സാഹവും താല്പര്യവും അനാദൃശമത്രേ.

1951

1-1-1951. കോട്ടയം. ഇന്നലെ സന്ധ്യയോടു കൂടി ഓതറ നിന്നും നാം ഇവിടെയെത്തി. നാളെ കൂടുന്ന സുന്നഹദോസിൽ സംബന്ധിക്കുന്നതിനായി തേവോദോസ്യോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും ഇവിടെ എത്തി.

2-1-1951. കോട്ടയം. സുന്നഹദോസ് നേരത്തെ നിശ്ചയിച്ച പരിപാടി അനുസരിച്ച് രാവിലെ കൂടി. മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഒഴികെ മെത്രാച്ചന്മാർ എല്ലാവരും പ്രത്യേക ക്ഷണമനുസരിച്ച് മാളിയേക്കൽ എം. സി. മാത്യുവും, ഇ. ജെ. ഫീലിപ്പോസും നമ്മുടെ കൗൺസിലറന്മാരും ഉണ്ടായിരുന്നു.

സഭയിൽ പുരോഗമനോന്മുഖമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുവാൻ ഇടവകഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൈക്കൊള്ളേണ്ട പരിപാടികളെപ്പറ്റി ചിന്തിച്ചു. ഇന്നത്തെ സുന്നഹദോസ് അവസാനിച്ചു.

3-1-1951. കോട്ടയം. സുന്നഹദോസ് തുടർന്നു കൂടി അതിപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ടു. തട്ട പള്ളിക്കേസും വകയാർ പള്ളിക്കേസും കേട്ടു തീരുമാനിച്ചു.

4-1-1951. കോട്ടയം. സുന്നഹദോസ് കഴിഞ്ഞ് മെത്രാച്ചന്മാരെല്ലാം ഓരോ സ്ഥലങ്ങളിലേക്കു പോയി.

7-1-1951. കോട്ടയം. ഇന്നു നമ്മുടെ ക്രിസ്തുമസ് ആയിരുന്നു. വെളുപ്പിനെ നാം പള്ളിയിൽ പോയി കുർബ്ബാന അർപ്പിക്കുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്തു. നമ്മുടെ വാല്യക്കാർക്കും മറ്റും നാം ക്രിസ്തുമസ് പ്രമാണിച്ച് പ്രത്യേക സംഭാവനകൾ നൽകി.

8-1-1951. രാവിലെ കാപ്പിമേശയ്ക്കുശേഷം മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നതിനായി മൂവാറ്റുപുഴയ്ക്കു പോയി. മെത്രാച്ചന്റെ സുഖസൗകര്യാദികൾ അന്വേഷിച്ചു ഉച്ചമേശയ്ക്കു ശേഷം നാം മടങ്ങി.

9-1-1951. കോട്ടയം. നമ്മുടെ ഈപ്പൻ ശെമ്മാശൻ അയാളുടെ വല്യമ്മയുടെ സുഖക്കേടു പ്രമാണിച്ചു വെണ്ണിക്കുളത്തിനു പോയി.

12-1-1951. കുറിച്ചി. ഇന്നലെ നാം ഇവിടെ എത്തി. ഇന്ന് വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് വിശ്രമത്തിനുശേഷം നാലു മണിയോടുകൂടി മടങ്ങി കോട്ടയത്തെത്തി.

14-1-1951. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. നമ്മെ സന്ദർശിക്കുന്നതിനായി ധാരാളം ആളുകൾ വരികയുണ്ടായി.

15-1-1951. കോട്ടയം. പുതുശ്ശേരി സ്കൂളിന്റെ പണി പൂർത്തിയായോ എന്നറിയുന്നതിനും മറ്റുമായി നാം കാപ്പിമേശയ്ക്കു ശേഷം പുതുശ്ശേരിക്കു പോയി. കറസ്പോണ്ടന്റ് നൈനാനും നമ്മുടെ മാനേജർ കത്തനാരും നമ്മോടു കൂടെ ഉണ്ടായിരുന്നു. കെട്ടിടപണി പൂർത്തിയാക്കാതെ ഓടും മരവും വെയിലത്തിട്ടിരിക്കുന്ന കാഴ്ച നമ്മെ വല്ലാതെ വിഷമിപ്പിച്ചു. യാതൊരു സംഗതിയും ചുമതലയോടു കൂടി നടത്തുന്നതിന് ആരും ഇല്ലല്ലോ എന്നോർത്ത് നാം ദുഃഖിച്ചു. ഉച്ചമേശയ്ക്കുശേഷം നാം മടങ്ങി എത്തി.

18-1-1951. കോട്ടയം. ഇന്ന് നമ്മുടെ കൗൺസിൽ ആയിരുന്നു. കൊച്ചുമെത്രാച്ചനും വന്നു സംബന്ധിച്ചു. പുരോഗമന പദ്ധതികൾ ഊർജ്ജിതപ്പെടുത്തു

ന്നതിനും പൊതുഭരണം കാര്യക്ഷമമാക്കുന്നതിനും കൗൺസിലറന്മാർക്ക് പ്രത്യേകം പ്രത്യേകം പോർട്ട്ഫോളിയോ തിരിച്ചുകൊടുത്തു. എല്ലാവർക്കും ഉത്സാഹവും താല്പര്യവും സഭാകാര്യത്തിൽ ഉള്ളതായി നമുക്കു തോന്നി.

19-1-1951. കോട്ടയം. ദനഹാ പെരുനാളാണ്. ക്രമാധികമായ ക്ഷീണം നിമിത്തം ശുശ്രൂഷ നടത്തിയില്ല. മാനേജർ കത്തനാർ കുർബ്ബാന അർപ്പിച്ചു. ഉച്ചമേശയ്ക്കുശേഷം നേരത്തെ നിശ്ചയിച്ച പ്രോഗ്രാമനുസരിച്ച് പത്തനാപുരം ദയറായ്ക്കു പോയി.

20-1-1951. പത്തനാപുരം. ദീവന്നാസ്യോസ് മെത്രാച്ചൻ നേരത്തെത്തന്നെ ദയറായിൽ എത്തി നമ്മുടെ വരവിനെ പ്രതീക്ഷിച്ചു വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തിരുന്നു. ആകപ്പാടെ അവിടെ എല്ലാം വലിയ ഉത്സാഹവും ... ബഹളവും ദൃശ്യമായിരുന്നു. മാർ യൂഹാനോന്റെ പരിച്ഛേദനപ്പെരുന്നാൾ ആയിരുന്നു. സഖറിയാ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മെത്രാച്ചന്റെ അതിഥിയായി തൃശ്ശിനാപ്പള്ളിയിൽ നിന്നും ഒരു വലിയ സിമൻഡാർ വന്നിരുന്നു.

21-1-1951. പത്തനാപുരം. മെത്രാച്ചന്റെ ആഗ്രഹപ്രകാരം ചിറത്തലയ്ക്കലെ ഏലിയാസ് തോമസ് ശെമ്മാശനും പത്തനാപുരം ദയറായിലെ യോഹന്നാൻ ശെമ്മാശനും കശ്ശീശാ പട്ടവും, മാവേലിക്കരക്കാരൻ ഇസഹാക്ക് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടവും നൽകി. ഇന്ന് മാർ സ്തേപ്പാനോസ് സഹദായുടെ പെരുന്നാളായിരുന്നു. പട്ടംകൊട പ്രമാണിച്ച് ധാരാളം ആളുകൾ വന്നിട്ടുണ്ടായിരുന്നു. ജാക്സൺ സായിപ്പും സ്ഥലത്തുണ്ടായിരുന്നു. അയാൾ ഭക്തിയോടു കൂടെ ശുശ്രൂഷകളിൽ സംബന്ധിക്കുകയുണ്ടായി.

ഉച്ചമേശയ്ക്കുശേഷം നാം പത്തനാപുരത്തു നിന്നു മാക്കാംകുന്നിനു പോയി. വഴിമദ്ധ്യേ വകയാർ പള്ളി സന്ദർശിച്ചു. വകയാറ്റ് ഈട്ടിമൂട്ടിൽ ശമുവേൽ കത്തനാരുടെ ദുഷ്പ്രവൃത്തികളെപ്പറ്റിയും അയാളുടെ കൃത്രിമ ബുദ്ധിയെപ്പറ്റിയും ഇടവകക്കാർ വളരെ അവജ്ഞതയോടെ നമ്മെ അറിയിച്ചു. നമ്മെ ഉപേക്ഷിച്ചു അയാൾ മീഖായേലിൽ നിന്നും പട്ടമേറ്റവനാകകൊണ്ട് അയാളുമായി യാതൊരു സംസർഗ്ഗവും പാടില്ലെന്നും സത്യത്തിൽ ഉറച്ചുനിന്നു അനീതിയെ നേരിടണമെന്നും അവരെ നാം ഗുണദോഷിക്കയും ചെയ്തു. കാപ്പിമേശയ്ക്കു ശേഷം നാം അവിടെനിന്നും പുറപ്പെട്ട് മാക്കാംകുന്നിൽ എത്തി.

22-1-1951. അയിരൂർ. മാക്കാംകുന്നിൽ നിന്നു രാവിലെ വി. കുർബ്ബാന കഴിഞ്ഞ് നാം ഐരൂർക്കു പോയി. ഐരൂർ ചെമ്പോത്രയിലെ കോരെച്ചന്റെ മകന്റെ കല്യാണം നടത്തിക്കൊടുത്തതിന്റെ ശേഷം സന്ധ്യയോടുകൂടെ നാം കോട്ടയത്തെത്തി.

23-1-1951. കോട്ടയം. ഇന്ന് നാം സുഖമായി ഇവിടെ വിശ്രമിച്ചു.

24-1-1951. കോട്ടയം. ഉച്ചമേശയ്ക്കുശേഷം നാലു മണിയോടു കൂടി നാം കുമരകത്തിനു പോയി. കുമരകത്തുകാർ ഭക്ത്യാദരപുരസ്സരം നമ്മെ കാത്തു നിന്നിരുന്നു.

25-1-1951. കുമരകം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ നാം പ്രസംഗിച്ചു. കുർബ്ബാനയ്ക്കു ശേഷം പള്ളിയുടെ മുറ്റത്തു പണികഴിപ്പിച്ച കുരിശുംതൊട്ടിയുടെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. ഉച്ചമേശയ്ക്കു ശേഷം നാലു മണിയോടു കൂടി നാം കോട്ടയത്തിനു മടങ്ങി.

27-1-1951. കോട്ടയം. ചെറിയപള്ളി പെരുന്നാളാകകൊണ്ടു നാം അവിടെ എത്തി. വി. കുർബ്ബാന അർപ്പിക്കണമെന്നു ട്രസ്റ്റി മാളിയേക്കൽ എം. എം. ഏബ്രഹാം നമ്മോടപേക്ഷിച്ചു.

28-1-1951. കോട്ടയം. രാവിലെ ചെറിയപള്ളിയിലെത്തി വി. കുർബ്ബാന അർപ്പിച്ചു. സാമാന്യം നല്ല ആൾക്കൂട്ടം ഉണ്ടായിരുന്നു. പ്രതിവാക്യം ചൊല്ലാതെ മൗനമായി നിന്ന് ആളുകൾ ആരാധനയിൽ സംബന്ധിക്കുന്ന രീതിയെ നാം കഠിനമായി അപലപിച്ചു. എല്ലാവരും കൂട്ടമായി പട്ടക്കാരനോടൊത്തു ചൊല്ലേണ്ട ഭാഗങ്ങൾ ഉച്ചത്തിൽ തന്നെ ചൊല്ലി ആരാധന ഭംഗിയാക്കണമെന്ന് അവരെ നാം ഉദ്ബോധിപ്പിച്ചു. ഉച്ചമേശയ്ക്കുശേഷം നാം സെമിനാരിയിലേക്കു പോന്നു.

29-1-1951. കോട്ടയം. പൂപ്പള്ളിൽ കുട്ടിയുടെ മകളുടെ കല്യാണം നടത്തിക്കൊടുക്കുന്നത് നാം തന്നെ ആയിരിക്കണമെന്ന് കുട്ടിയും കൊറ്റാത്തുവിള കത്തനാരും കൂടെ വന്ന് നിർബ്ബന്ധമായി അപേക്ഷിക്കുകയാൽ നാം സമ്മതിച്ചു.

30-1-1951. കോട്ടയം. മുളക്കുളത്തുള്ള നമ്മുടെ ആളുകൾ നമ്മെ സന്ദർശിക്കുകയും നമ്മുടെ ഭാഗക്കാരുടെ ന്യായമായ അവകാശങ്ങളെ അവഗണിച്ച് മറുഭാഗക്കാർ ചെയ്യുന്ന കുതന്ത്രങ്ങളെ സംബന്ധിച്ചു നമ്മുടെ മുമ്പാകെ റിപ്പോർട്ടു ചെയ്യുകയും ചെയ്തു. പോലീസധികാരികൾ കൈക്കൂലി പറ്റിക്കൊണ്ട് നമുക്കു വിരോധമായി പ്രവർത്തിക്കാൻ ആലോചനയുള്ളതായും അവർ നമ്മെ അറിയിച്ചു.

31-1-1951. കോട്ടയം. കാരിച്ചാൽ പള്ളി വക പുതുതായി പണികഴിപ്പിച്ച കുരിശിന്റെ പ്രതിഷ്ഠാകർമ്മം നാം നിർവ്വഹിക്കണമെന്ന് നമ്മോടപേക്ഷിക്കുന്നതിനായി വികാരിയും പള്ളിക്കാരും നമ്മെ സമീപിച്ചു.

3-2-1951. രാവിലെ കാപ്പിമേശയ്ക്കുശേഷം നാം ഇവിടെ നിന്നും പുറപ്പെട്ടു തിരുവല്ലായിൽ എത്തി. ഏലിയാസ് തോമസച്ചന്റെ അപേക്ഷപ്രകാരം അവിടെ നിന്നു ഉച്ചമേശ കഴിഞ്ഞ് നാം ആലപ്പുഴയ്ക്കു പോയി. വൈകിട്ട് 5 മണിയോടു കൂടി ആലപ്പുഴ എത്തി.

4-2-1951. ആലപ്പുഴ. ആലപ്പുഴ പള്ളി കൊറ്റാത്തുവിള കത്തനാരുടെ ഉത്സാഹത്തിൽ അഭിവൃദ്ധിപ്പെട്ടു വരുന്നതിൽ നമുക്ക് അത്യധിക സന്തോഷമുണ്ട്. പുതുതായി പണിതുകൊണ്ടിരിക്കുന്ന ആ മനോഹര ദൈവാലയം ഭംഗിയായി അലങ്കരിച്ചിരുന്നു. നാം അവിടെ വി. കുർബ്ബാന അർപ്പിച്ചു.

5-2-1951. ആലപ്പുഴ. ആലപ്പുഴ കടപ്പുറത്തുള്ള മൂസാവരി കെട്ടിടത്തിലാണ് നാം താമസിച്ചത്. രാവിലെ 10 മണിക്ക് നാം പള്ളിയിൽ എത്തി പൂപ്പള്ളി കുട്ടിയുടെ മകളുടെ കല്യാണം നടത്തിക്കൊടുത്തു. കല്യാണം വളരെ ആഡംബരപൂർവ്വം ആണ് ആഘോഷിച്ചത്. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും പൗരപ്രമാണികളും മാന്യന്മാരുമായി നിരവധി ആളുകൾ ക്ഷണിക്കപ്പെട്ടിരുന്നു.

6-2-1951. ആലപ്പുഴ. രാവിലെ കാപ്പിമേശയ്ക്കു ശേഷം ആലപ്പുഴ നിന്നും പുറപ്പെട്ടു ഉച്ചയോടു കൂടി കാർത്തികപ്പള്ളിയിൽ എത്തി. പള്ളിക്കൂടകാര്യങ്ങളും പള്ളികാര്യങ്ങളും അന്വേഷിച്ചശേഷം വേണ്ട നിർദ്ദേശങ്ങൾ നൽകി അഞ്ചു മണിയോടു കൂടി അവിടെ നിന്നും മാവേലിക്കര എത്തി. പറമ്പിൽ കത്തനാരുടെ മകൻ ഉമ്മച്ചന്റെ സുഖക്കേടു സംബന്ധിച്ചറിയുകയും അവരുടെ അപേക്ഷപ്രകാരം ആശുപത്രിയിൽ എത്തി തൈലാഭിഷേക ശുശ്രൂഷ നടത്തുകയും ചെയ്തു.

7-2-1951. കോട്ടയം. കാപ്പിമേശയ്ക്കുശേഷം മാവേലിക്കര നിന്നും കോട്ടയത്തിനു പോന്നു.

9-2-1951. കോട്ടയം. പുതുപ്പള്ളി പള്ളിക്കേസ് തള്ളി നമുക്കനുകൂലമായ വിധി പ്രസ്താവിച്ചതായി വികാരി പാറേട്ട് മാത്യൂസ് കത്തനാർ നമ്മെ അറിയിച്ചു.

11-2-1951. കോട്ടയം. വട്ടശ്ശേരിയിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് മൂന്നു മണിയോടു കൂടി നാം കല്ലൂപ്പാറയ്ക്കു പുറപ്പെട്ടു. നിരണം ഭദ്രാസനത്തിന്റെ വകയായി നടത്തപ്പെടുന്ന കൺവൻഷന്റെ ഉദ്ഘാടനം നാം നിർവ്വഹിക്കുക ഉണ്ടായി.

12-2-1951. കോട്ടയം. രാവിലെ കാപ്പിമേശയ്ക്കു ശേഷം നാം പുതുശ്ശേരി സ്കൂൾ സന്ദർശിക്കുകയും സ്കൂൾ കെട്ടിട പണിയിൽ വരുത്തിയ അനാസ്ഥയിൽ അദ്ഭുതം പ്രകടിപ്പിക്കുകയും ചെയ്തു. ഉടനെതന്നെ പണി പൂർത്തിയാക്കുന്നതിനു നാം ആജ്ഞാപിച്ചു.

13-2-1951. കോട്ടയം. കൊച്ചുമെത്രാച്ചൻ ഇന്നലെ ഉച്ചയോടു കൂടി ഇവിടെ വരുകയും ആപ്പീസ് സംബന്ധിച്ച് ഏതോ ക്രമീകരണങ്ങൾ വരുത്തുന്നതിലേക്കു സെക്രട്ടറിയുമായി ആലോചിക്കുകയും ചെയ്തു.

18-2-1951. കോട്ടയം. ഇന്ന് മാനേജർ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു.

19-2-1951. കോട്ടയം. മൂന്നു നോമ്പ് ഇന്നാരംഭിച്ചു. ഉച്ചനിൽക്കുന്നതിലും മറ്റും നമുക്കു യാതൊരു പ്രയാസവും ക്ഷീണവും തോന്നുന്നില്ല.

21-2-1951. കോട്ടയം. ഇന്ന് ഉച്ചയോടു കൂടെ മാനേജർ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഹോസ്റ്റലിൽ താമസിക്കുന്ന നമ്മുടെ ശെമ്മാശന്മാർ വന്നു സംബന്ധിച്ചു.

22-2-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ചൊള്ളമ്പേലിൽ കോറി അച്ചൻ മരിച്ചതുകൊണ്ട് തീമോത്തിയോസ് മെത്രാപ്പോലീത്താ സന്ധ്യയോടെ മാത്രമേ ഇവിടെ എത്തുകയുള്ളു എന്നറിയിച്ചു. അദ്ദേഹത്തിന്റെ ഒരു ആവശ്യത്തിന് നാം നമ്മുടെ കാർ അയച്ചിട്ടുണ്ട്.

(തുടരും)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



സെബദി മക്കളുടെ അമ്മ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

മനുഷ്യജീവിതത്തിലെ ഏറ്റവും വിശുദ്ധമായ ബന്ധങ്ങളിലൊന്നാണ് അമ്മയും മക്കളും തമ്മിലുള്ള ബന്ധം. ഒരു കുട്ടിയുടെ ജനനം മുതൽ വളർച്ച വരെയുള്ള ഓരോ ഘട്ടത്തിലും അമ്മയുടെ പങ്ക് നിർണായകമാണ്. അമ്മയുടെ സ്നേഹവും കരുതലും കുട്ടിക്ക് ആത്മവിശ്വാസവും സുരക്ഷിതത്വവും നൽകുന്നു. അതുകൊണ്ടുതന്നെ ലോകത്തിലെ വിവിധ സംസ്കാരങ്ങളിലും മതപരമ്പരകളിലും മാതൃത്വത്തിന്റെ മഹത്വം ഏറെ ബഹുമാനത്തോടെ പരാമർശിക്കപ്പെടുന്നു.

ക്രൈസ്തവ പരമ്പരയിൽ ഇത്തരം മാതൃത്വത്തിന്റെ മഹത്വം പ്രകടമാക്കുന്ന ഒരു ശ്രദ്ധേയയായ സ്ത്രീയാണ് സെബദിമക്കളുടെ അമ്മ. ബൈബിളിൽ അവളെ സാധാരണയായി “സെബദിമക്കളുടെ അമ്മ” എന്ന പേരിലാണ് പരാമർശിക്കുന്നത്. അവൾ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയായിരുന്നു. ഇവർ രണ്ടുപേരും യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ പ്രധാനപ്പെട്ടവരാണ്.

സെബദിമക്കളുടെ അമ്മ ഗലീല പ്രദേശത്ത് ജീവിച്ചിരുന്ന ഒരു യഹൂദ സ്ത്രീയായിരുന്നു. അവളുടെ ഭർത്താവ് സെബദി ഗലീല കടലിൽ മത്സ്യബന്ധന തൊഴിൽ ചെയ്തിരുന്ന ഒരാളായിരുന്നു. സുവിശേഷങ്ങളിൽ കാണുന്ന സൂചനകൾ പ്രകാരം അവരുടെ കുടുംബം സാധാരണക്കാരായിരുന്നെങ്കിലും സ്ഥിരതയുള്ള ജീവിതം നയിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു. അവരുടെ മക്കളായ യാക്കോബും യോഹന്നാനും പിന്നീട് യേശുവിന്റെ അടുത്ത ശിഷ്യൻമാരായി മാറി. യാക്കോബ് ആദ്യകാല ക്രൈസ്തവ സഭയിലെ പ്രധാന അപ്പോസ്തലന്മാരിൽ ഒരാളായി അറിയപ്പെടുന്നു; യോഹന്നാൻ പിന്നീട് സുവിശേഷം രചിച്ച അപ്പോസ്തലനായും പ്രശസ്തനായി.

മത്തായി എഴുതിയ സുവിശേഷം 20:2021 വരെ യേശുവിന്റെ ശുശ്രൂഷാ ജീവിതത്തിൽ ഏറെ ശ്രദ്ധേയമായ ഒരു സംഭവത്തെ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നുണ്ട്. ഇവിടെ “സെബദി മക്കളുടെ അമ്മ” യേശുവിന്റെ സന്നിധിയിൽ എത്തി വിനയത്തോടെ മുട്ടുകുത്തി തന്റെ മക്കൾക്കായി പ്രത്യേക സ്ഥാനങ്ങൾ അഭ്യർത്ഥിക്കുന്നതായി നാം കാണുന്നുണ്ട്.

ഈ സംഭവം ഒരു സാധാരണ അപേക്ഷയല്ല; മറിച്ച് ഒരു അമ്മയുടെ ഹൃദയത്തിന്റെ ആഴങ്ങൾ തുറന്നുകാണിക്കുന്ന ഒരു ശക്തമായ ദൃശ്യമാണ്. സ്വന്തം മക്കൾക്ക് ഉന്നതിയും മഹത്വവും ലഭിക്കണമെന്ന ആഗ്രഹം ഓരോ അമ്മയുടെയും സ്വാഭാവിക മനോഭാവമാണ്. അതുപോലെ തന്നെ ഇവിടെ ഈ അമ്മയും തന്റെ മക്കൾ യേശുവിന്റെ രാജ്യത്തിൽ ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കണമെന്നു ആഗ്രഹിക്കുന്നു. ഇത് അവളുടെ സ്നേഹത്തെയും കരുതലിനെയും വ്യക്തമായി പ്രകടമാക്കുന്നു. അതോടൊപ്പം, അവൾ യേശുവിന്റെ അടുക്കൽ എത്തുന്നത് അവളുടെ ഉറച്ച വിശ്വാസത്തിന്റെ തെളിവുമാണ്. യേശുവിന് അധികാരമുണ്ടെന്നും തന്റെ മക്കളുടെ ഭാവി നിർണ്ണയിക്കാൻ കഴിയുന്നവനാണെന്നും അവൾ വിശ്വസിച്ചു. അതുകൊണ്ടുതന്നെ അവൾ മറ്റാരെയും സമീപിക്കാതെ നേരിട്ട് യേശുവിനോടാണ് അപേക്ഷിക്കുന്നത്.

എന്നാൽ ഈ സംഭവത്തിൽ മനുഷ്യസ്വഭാവത്തിന്റെ ചില പരിമിതികളും പ്രതിഫലിക്കുന്നു. ദൈവരാജ്യത്തിന്റെ യഥാർത്ഥ സ്വഭാവമായ വിനയം, സേവനം, ത്യാഗം എന്നിവയെക്കുറിച്ചുള്ള പൂർണ്ണമായ ബോധം അവൾക്ക് അന്ന് ഉണ്ടായിരുന്നില്ല. അവൾ രാജ്യം എന്ന ആശയത്തെ ലോകപരമായ അധികാരവും മഹത്വവുമെന്ന രീതിയിൽ കണ്ടു. അതിനാൽ തന്നെ തന്റെ മക്കൾക്കായി ഉയർന്ന സ്ഥാനങ്ങൾ അഭ്യർത്ഥിക്കാൻ അവൾ തയ്യാറായി.

ഇങ്ങനെ, ഈ ഭാഗം ഒരു സാധാരണ ബൈബിൾ സംഭവമെന്നതിലുപരി ഒരു അമ്മയുടെ സ്നേഹവും വിശ്വാസവും മനുഷ്യരുടെ ആത്മീയ പരിമിതികളും ഒരുമിച്ച് പ്രതിഫലിപ്പിക്കുന്ന ഗൗരവമുള്ള സന്ദേശം നൽകുന്നു.

1. മാതൃസ്നേഹത്തിന്റെ ആഴം

സെബദി മക്കളുടെ അമ്മ തന്റെ മക്കളായ യാക്കോബ്, യോഹന്നാൻ എന്നിവർക്കായി ഉയർന്ന സ്ഥാനങ്ങൾ ലഭിക്കണമെന്നു യേശുവിനോടു അപേക്ഷിച്ച സംഭവം ഒരു അമ്മയുടെ ഹൃദയത്തിലെ സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നു. മക്കളുടെ നന്മയും അവരുടെ ഭാവിയും ഉറപ്പാക്കണമെന്ന ആഗ്രഹം ഓരോ അമ്മയുടെയും സ്വാഭാവിക സ്വഭാവമാണ്. അതുപോലെ തന്നെയാണ് ഇവിടെ ഈ അമ്മയും തന്റെ മക്കൾ മഹത്വം പ്രാപിക്കണമെന്നു ആഗ്രഹിക്കുന്നത്.

ഒരു അമ്മയുടെ സ്നേഹം പലപ്പോഴും ത്യാഗപൂർണ്ണവും നിസ്വാർത്ഥവുമാണ്. അവൾ തന്റെ ആവശ്യങ്ങളെക്കാൾ മക്കളുടെ ഉന്നമനത്തിന് മുൻഗണന നൽകുന്നു. ഈ സാഹചര്യത്തിൽ, സെബദി മക്കളുടെ അമ്മ തന്റെ മക്കൾക്കായി ഏറ്റവും നല്ലത് ലഭിക്കണമെന്ന ആഗ്രഹത്തോടെയാണ് യേശുവിനെ സമീപിക്കുന്നത്. അവളുടെ അപേക്ഷയിൽ വ്യക്തിപരമായ ലാഭത്തേക്കാൾ മക്കളുടെ ഭാവിയെക്കുറിച്ചുള്ള കരുതലാണ് കൂടുതലായി പ്രകടമാകുന്നത്.

അതേസമയം, ഈ സ്നേഹം മനുഷ്യസ്വഭാവത്തിന്റെ ഭാഗമായ ഒരു സ്വാഭാവിക പ്രവണതയെയും കാണിക്കുന്നു. മാതാപിതാക്കൾക്ക് സാധാരണയായി അവരുടെ മക്കൾ മറ്റുള്ളവരെക്കാൾ മുന്നിൽ നിൽക്കണം എന്ന ആഗ്രഹം ഉണ്ടാകാറുണ്ട്. ഇത് ചിലപ്പോൾ മത്സരചിന്തയിലേക്ക് നയിക്കാമെങ്കിലും, അതിന്റെ അടിസ്ഥാനം സ്നേഹവും കരുതലുമാണ്. ഇങ്ങനെ, ഈ സംഭവം മാതൃസ്നേഹത്തിന്റെ ശക്തിയും ആഴവും നമ്മെ ബോധ്യപ്പെടുത്തുന്നു.

2. യേശുവിലുള്ള വിശ്വാസം

സെബദി മക്കളുടെ അമ്മ തന്റെ അഭ്യർത്ഥനയുമായി നേരിട്ട് യേശുവിന്റെ സന്നിധിയിൽ എത്തുന്ന സംഭവം, അവളുടെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ആഴ

ത്തിലുള്ള വിശ്വാസത്തെ വളരെ വ്യക്തമായി പ്രകടമാക്കുന്നു. അവൾ മറ്റാരുടെയും സഹായം തേടാതെ, ഇടനിലക്കാരുടെ സഹായം ആവശ്യമില്ലാതെ, നേരിട്ട് യേശുവിനോടാണ് തന്റെ അപേക്ഷ അവതരിപ്പിക്കുന്നത്. ഇത് യേശുവിന്റെ അധികാരത്തിലും കരുണയിലും അവൾക്കുണ്ടായിരുന്ന ഉറച്ച വിശ്വാസത്തിന്റെ വ്യക്തമായ അടയാളമാണ്. തന്റെ മക്കളുടെ ഭാവിയും അവരുടെ മഹത്വവും യേശുവിന്റെ കൈകളിൽ തന്നെയാണെന്ന ബോധ്യമാണ് ധൈര്യത്തോടെ മുന്നോട്ട് വരാൻ അവളെ പ്രേരിപ്പിച്ചത്.

ഈ വിശ്വാസം വാക്കുകളിൽ ഒതുങ്ങുന്ന ഒന്നല്ല; അത് പ്രവർത്തിയിലൂടെ പ്രകടമാകുന്ന സജീവമായ വിശ്വാസമാണ്. അവൾ യേശുവിന്റെ സന്നിധിയിൽ എത്തി വിനയത്തോടെ മുട്ടുകുത്തി അപേക്ഷിക്കുന്നു. ഈ വിനയപൂർണ്ണമായ സമീപനം, യേശുവിനോടുള്ള അവളുടെ ആദരവിനെയും വിശ്വാസത്തിനെയും ഒരുപോലെ പ്രതിഫലിപ്പിക്കുന്നു. യേശുവിന് തന്റെ ജീവിതത്തിലും തന്റെ മക്കളുടെ ജീവിതത്തിലും ഇടപെടാൻ കഴിവുണ്ടെന്നും, അവൻ നൽകുന്ന ഉത്തരങ്ങൾ നിർണായകവും വിശ്വസനീയവുമാണെന്നും അവൾ ഉറച്ച വിശ്വാസത്തോടെ അംഗീകരിച്ചു.

കൂടാതെ, അവളുടെ ഈ സമീപനം ഒരു ആത്മീയ ധൈര്യത്തെയും കാണിക്കുന്നു. പലപ്പോഴും മനുഷ്യർ അവരുടെ ആവശ്യങ്ങൾ അവതരിപ്പിക്കുമ്പോൾ സംശയത്തോടെയും ഭയത്തോടെയും സമീപിക്കാറുണ്ട്. എന്നാൽ ഇവിടെ, അവൾ തന്റെ ഹൃദയത്തിലെ ഏറ്റവും വലിയ ആഗ്രഹം പോലും യേശുവിന്റെ മുന്നിൽ തുറന്നു വയ്ക്കാൻ മടിച്ചില്ല. ഇത് യഥാർത്ഥ വിശ്വാസത്തിന്റെ ഒരു പ്രധാന സവിശേഷതയും ദൈവത്തോടുള്ള ആത്മാർത്ഥമായ തുറന്ന സമീപനവുമാണ്.

ഇതിലൂടെ നമുക്ക് മനസ്സിലാകുന്നത്, യഥാർത്ഥ വിശ്വാസം ദൈവത്തെക്കുറിച്ചുള്ള അറിവിൽ മാത്രം നിൽക്കുന്നതല്ല എന്നതാണ്. മറിച്ച്, അവനെ ആശ്രയിച്ച് സമീപിക്കുന്ന ധൈര്യത്തിലും, നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അവന്റെ സന്നിധിയിൽ തുറന്നു പറയുന്ന ആത്മാർത്ഥതയിലും ആണ് അത് പ്രകടമാകുന്നത്. വിശ്വാസം എന്നത് ദൈവം കഴിവുള്ളവനാണെന്ന് അറിയുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല; അവൻ നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കും എന്ന ഉറച്ച പ്രത്യാശയോടെയാണ് അവനെ സമീപിക്കുന്നത്.

അതിനാൽ, സെബദി മക്കളുടെ അമ്മയുടെ ഈ സമീപനം നമ്മെ ഒരു പ്രധാന ആത്മീയ പാഠം പഠിപ്പിക്കുന്നു: ദൈവത്തെ വിശ്വസിക്കുന്നവർ ഭയമില്ലാതെ അവന്റെ അടുക്കൽ വരുകയും, അവരുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ തുറന്നു വയ്ക്കുകയും ചെയ്യണം. അതുപോലെ തന്നെ, വിനയത്തോടെയും സമർപ്പണ മനോഭാവത്തോടെയും ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ, വിശ്വാസം കൂടുതൽ ആഴമുള്ള അനുഭവമായി മാറുന്നു.

3. ആത്മീയതയെക്കുറിച്ചുള്ള തെറ്റായ ധാരണ

സെബദി മക്കളുടെ അമ്മയുടെ അഭ്യർത്ഥനയിൽ അവളുടെ ആത്മീയ ബോധത്തിലെ ഒരു പ്രധാന പരിമിതി നമുക്ക് വ്യക്തമായി കാണാൻ കഴിയും. അവൾ ദൈവരാജ്യം എന്ന ആശയം മനസ്സിലാക്കിയ വിധം, അതിന്റെ യഥാർത്ഥ ആത്മീയ അർത്ഥത്തേക്കാൾ വ്യത്യസ്തമായിരുന്നു. അവളുടെ ചിന്തയിൽ ദൈവരാജ്യം എന്നത് ഭൗതിക അധികാരവും മഹത്വവും ഉയർന്ന സ്ഥാനവും ഉൾക്കൊള്ളുന്ന ഒരു രാജ്യമെന്ന നിലയിലാണ് പ്രത്യക്ഷപ്പെട്ടത്. അതുകൊണ്ടു തന്നെ, തന്റെ മക്കളായ യാക്കോബ്, യോഹന്നാൻ എന്നിവർ യേശുവിന്റെ വലത്തും ഇടത്തും ഇരിക്കേണ്ടതാണെന്ന പ്രത്യേക അഭ്യർത്ഥന അവൾ മുന്നോട്ട് വച്ചു. അവളുടെ മനസ്സിൽ മഹത്വം എന്നത് അധികാരവും പദവിയും നിറഞ്ഞതായിരുന്നു.

എന്നാൽ യേശു പഠിപ്പിച്ച ദൈവരാജ്യത്തിന്റെ സ്വഭാവം ഇതിൽനിന്ന് വളരെ വ്യത്യസ്തമാണ്. ദൈവരാജ്യത്തിൽ മഹത്വം നേടുന്നത് അധികാരത്തിലൂടെയോ ഉയർന്ന സ്ഥാനങ്ങളിലൂടെയോ അല്ല; മറിച്ച് വിനയത്തിലൂടെയും സേവനത്തിലൂടെയും ത്യാഗത്തിലൂടെയുമാണ്. മറ്റുള്ളവരെക്കാൾ ഉയരാൻ ശ്രമിക്കുന്നതല്ല, മറിച്ച് അവരെ സേവിക്കാൻ തയ്യാറാകുന്നതാണ് ദൈവത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥ മഹത്വത്തിന്റെ അടയാളം. ഈ ഗൗരവമുള്ള ആത്മീയ സത്യത്തെ സെബദി മക്കളുടെ അമ്മ അന്നത്തെ സാഹചര്യത്തിൽ പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ല.

ഈ സംഭവത്തിൽ മനുഷ്യരുടെ സ്വാഭാവികമായ ഒരു ചിന്താഗതിയും പ്രതിഫലിക്കുന്നുണ്ട്. പലപ്പോഴും ലോകത്തിന്റെ മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് ആത്മീയ സത്യങ്ങളെ പോലും നാം വിലയിരുത്താൻ ശ്രമിക്കുന്നത്. അധികാരം, ബഹുമതി, ഉയർന്ന സ്ഥാനം എന്നിവയാണ് മഹത്വത്തിന്റെ അടയാളങ്ങളെന്ന് നാം കരുതുന്നു. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ മഹത്വം എന്നത് ത്യാഗവും വിനയവും സേവനവും അടങ്ങിയതാണ്. ഈ വ്യത്യാസം മനസ്സിലാക്കാതിരുന്നാൽ തന്നെ പല ആത്മീയ തെറ്റിദ്ധാരണകൾക്കും ഇടയാകുന്നു.

കൂടാതെ, ഈ സംഭവം നമ്മെ ആത്മപരിശോധനയിലേക്ക് നയിക്കുന്നു. നാം ദൈവരാജ്യത്തെ എങ്ങനെ കാണുന്നു? നമ്മുടെ ആഗ്രഹങ്ങളും പ്രാർത്ഥനകളും ലോകപരമായ വിജയത്തെയും സ്ഥാനത്തെയും ചുറ്റിപ്പറ്റിയതാണോ, അല്ലെങ്കിൽ ദൈവത്തിന്റെ ഇച്ഛയും ആത്മീയ വളർച്ചയും ലക്ഷ്യമാക്കിയതാണോ? ഈ ചോദ്യങ്ങൾ ഓരോ വിശ്വാസിയെയും ആഴത്തിൽ ചിന്തിപ്പിക്കുന്നവയാണ്.

അതിനാൽ, സെബദി മക്കളുടെ അമ്മയുടെ ഈ സമീപനം നമ്മെ ചില പ്രധാന കാര്യങ്ങൾ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പദ്ധതികളും ആത്മീയ സത്യങ്ങളും നമ്മുടെ പരിമിതമായ മനസ്സിലാക്കലുകൾക്കപ്പുറത്തുള്ളവയാണ്. അവയെ ശരിയായി ഗ്രഹിക്കാൻ, നമ്മുടെ ചിന്താഗതിയെ മാറ്റുകയും ദൈവത്തിന്റെ ദൃഷ്ടിക്കനുസരിച്ച് ജീവിക്കാൻ പഠിക്കുകയും ചെയ്യേണ്ടതുണ്ട്. വിനയം, സേവനം, ത്യാഗം എന്നിവയെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോഴാണ് ദൈവരാജ്യത്തിന്റെ യഥാർത്ഥ അർത്ഥം നമുക്ക് അനുഭവത്തിൽ വരുന്നത്.

4. വിനയത്തിന്റെ അഭാവം

സെബദി മക്കളുടെ അമ്മ തന്റെ മക്കൾക്കായി മറ്റുള്ളവരെക്കാൾ ഉയർന്ന സ്ഥാനം അഭ്യർത്ഥിച്ചത്, അവളുടെ മനസ്സിൽ ഉണ്ടായിരുന്ന മത്സരചിന്തയെയും സ്വാർത്ഥതയെയും വ്യക്തമായി സൂചിപ്പിക്കുന്നു. അവൾ തന്റെ മക്കൾക്ക് പ്രത്യേക ബഹുമതിയും ഉയർന്ന സ്ഥാനവും ലഭിക്കണമെന്ന ആഗ്രഹത്തോടെ യേശുവിനെ സമീപിച്ചു. അവളുടെ അഭ്യർത്ഥന ഒരു അമ്മയുടെ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നുവെങ്കിലും, അതിൽ മനുഷ്യരുടെ സ്വാഭാവികമായ സ്വാർത്ഥവും പരസ്പരമുള്ള മത്സരബോധവുമുണ്ട്. മനുഷ്യർ സാധാരണയായി തങ്ങളെയും തങ്ങൾക്കുള്ളവരേയും മറ്റുള്ളവരെക്കാൾ ഉയർന്ന നിലയിൽ കാണാൻ ആഗ്രഹിക്കുന്ന സ്വഭാവം ഈ സംഭവത്തിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും, യേശുവിന്റെ ഉപദേശങ്ങൾ അതിനെ മറികടക്കുന്നു. യഥാർത്ഥ മഹത്വം മറ്റുള്ളവരെ തോൽപ്പിക്കുന്നതിലൂടെയോ, ഉയർന്ന പദവികളിലൂടെയോ അല്ല, മറിച്ച് മറ്റുള്ളവരെ സേവിക്കുന്നതിലൂടെയാണ്. ദൈവരാജ്യത്തിലെ മഹത്വം വിനയത്തിലും സേവനത്തിലും ത്യാഗത്തിലും അടിസ്ഥാനമായുള്ളതാണ്. മറ്റുള്ളവരെ സേവിക്കാൻ തയ്യാറാവുന്ന മനോഭാവം വളർത്തുമ്പോഴാണ് നമുക്ക് യഥാർത്ഥ ആത്മീയ വളർച്ചയും മഹത്വവും നേടാൻ കഴിയുന്നതെന്ന് യേശു പഠിപ്പിച്ചു.

ജീവിതത്തിൽ മറ്റുള്ളവരെ അംഗീകരിക്കുവാനും, ആദരിക്കുവാനും, സഹായിക്കുവാനും, സേവിക്കുവാനും തയ്യാറാകണം. സ്വാർത്ഥമായ സ്ഥാനവും ബഹുമതിയും തേടുന്നതിനു പകരം, വിനയത്തോടെയും സേവന മനോഭാവത്തോടെയും പ്രവർത്തിക്കുന്നതാണ് സത്യമായ മഹത്വത്തിന്റെ അടയാളം. സെബദി മക്കളുടെ അമ്മയുടെ ഈ സംഭവത്തിലൂടെ, മനുഷ്യന്റെ സ്വാഭാവിക മത്സരബോധവും അതിന്റെ ഫലമായ വിനയക്കുറവും മനസ്സിലാക്കുവാൻ നമുക്ക് കഴിയും. അതോടൊപ്പം, യഥാർത്ഥ ആത്മീയ വളർച്ചയ്ക്കും ദൈവരാജ്യത്തിലെ സത്യത്തിന്റെ ഗൗരവം മനസ്സിലാക്കാനും ഇത് നമ്മെ പ്രേരിപ്പിക്കുന്നു.

സെബദി മക്കളുടെ അമ്മയെക്കുറിച്ചുള്ള ഈ സംഭവം നമ്മുടെ ആത്മീയ ജീവിതത്തിന് ഗൗരവമുള്ള പാഠങ്ങൾ നൽകുന്ന ഒരു പ്രധാന ഉദാഹരണമാണ്. അവളുടെ അഭ്യർത്ഥനയിൽ ഒരു അമ്മയുടെ സ്നേഹവും, മക്കളുടെ നന്മയ്ക്കുവേണ്ടിയുള്ള കരുതലും വ്യക്തമായി പ്രകടമാകുന്നു. അതുപോലെ തന്നെ, അവളുടെ പ്രവർത്തിയിൽ ദൈവത്തിലുള്ള ആഴമായ വിശ്വാസം തുറന്ന് കാണാൻ കഴിയുന്നു. അവൾ തന്റെ മക്കളുടെ ഭാവി യേശുവിന്റെ കൈകളിൽ സുരക്ഷിതമാണെന്ന് വിശ്വസിച്ച്, തന്റെ ഹൃദയത്തിലെ ഏറ്റവും വലിയ ആഗ്രഹം ധൈര്യത്തോടെ യേശുവിന്റെ മുമ്പിൽ തുറന്നു വയ്ക്കാൻ തയ്യാറായി.

ഈ സംഭവത്തിൽ നിന്നുള്ള മറ്റൊരു പ്രധാന പാഠം, ദൈവരാജ്യത്തിന്റെ യഥാർത്ഥ സ്വഭാവത്തെപ്പറ്റിയുള്ള ബോധ്യമാണ്. മനുഷ്യർ സാധാരണയായി മഹത്വത്തെ, ബഹുമതിയെ, ഉയർന്ന സ്ഥാനത്തെയും അധികാരത്തെയും ബന്ധിപ്പിച്ചാണ് കാണുന്നത്. അതേസമയം, യേശു പഠിപ്പിക്കുന്നത് വ്യത്യസ്ത

മാണ് യഥാർത്ഥ മഹത്വം പദവിയിലും ശക്തിയിലുമല്ല, മറിച്ച് വിനയത്തിലും സേവനത്തിലും, മറ്റുള്ളവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലാണ്.

സെബദി മക്കളുടെ അമ്മയുടെ അഭ്യർത്ഥന നമുക്ക് മുന്നിൽ ഒരു വെല്ലുവിളിയാണ്. നമ്മുടെ ചിന്താഗതികളെ നിരീക്ഷിക്കാൻ; നാം ദൈവരാജ്യത്തെ ലോകപരമായ മാനദണ്ഡപ്രകാരം വിലയിരുത്തുന്നുണ്ടോ, അല്ലെങ്കിൽ യേശു പഠിപ്പിച്ച പ്രകാരം നാം കാര്യങ്ങളെ ആത്മീയവും വിനയത്തോടും സേവനപരവുമായ രീതിയിൽ കാണുന്നുണ്ടോ എന്ന് തിരിച്ചറിയാൻ ഇത് നമ്മെ പ്രേരിപ്പിക്കുന്നു.

വിശ്വാസത്തോടെ ദൈവത്തെ സമീപിക്കുമ്പോൾ, വിനയത്തോടും സേവന മനോഭാവത്തോടും കൂടിയ ജീവിതം ജീവിതത്തിന്റെ യഥാർത്ഥ മഹത്വത്തിനും ദൈവത്തിനു പ്രിയങ്കരമായ നിലയ്ക്കും വഴിവയ്ക്കുന്നു. ഈ സത്യം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവർക്ക് ദൈവരാജ്യത്തിന്റെ യഥാർത്ഥ ആസ്വാദ്യവും ആത്മീയ സമാധാനവും അനുഭവിക്കാൻ സാധിക്കുമെന്നാണ് ഈ സംഭവം അവസാനമായി, നമ്മെ പഠിപ്പിക്കുന്നത്.

സെബദി മക്കളുടെ അമ്മയുടെ ജീവിതം നമ്മെ മാതൃത്വത്തിന്റെ യഥാർത്ഥ മഹത്വം തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നു. അവളുടെ സ്നേഹവും ത്യാഗവും പരിശ്രമവും കുട്ടികളുടെ ജീവിതത്തെ നല്ല വഴിയിലേക്ക് നയിക്കുന്ന ശക്തിയാണ്. ഇത്തരത്തിലുള്ള മാതൃകകൾ സമൂഹത്തിൽ നല്ല മൂല്യങ്ങൾ വളരാനും കുടുംബബന്ധങ്ങൾ ശക്തിപ്പെടാനും സഹായിക്കുന്നു.

അതുകൊണ്ട് സെബദി മക്കളുടെ അമ്മയുടെ ജീവിതം ഒരു കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കുള്ള ഒരു പ്രചോദനമാണ്. അവളുടെ മാതൃക പിന്തുടരുമ്പോൾ കുട്ടികളും യുവാക്കളും ജീവിതത്തിൽ നല്ല മൂല്യങ്ങൾ പാലിക്കുകയും ഉത്തരവാദിത്തമുള്ള വ്യക്തികളായി വളരുകയും ചെയ്യും. ഇതിലൂടെ സമൂഹം കൂടുതൽ നന്മയും സമാധാനവും നിറഞ്ഞതാകുമെന്ന് ഉറപ്പായി പറയാൻ സാധിക്കും.



‘പുണ്യ താബോർ’ വീഡിയോ ആൽബം പ. ബസ്സേലിയോസ് മാർ ത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രകാശനം നിർവഹിച്ചു.



തിരുവനന്തപുരം മെത്രാസന അരമനയുടെ മാനേജരും ചാപ്ലെനുമായി ഫാ. ജോഷ്വാ പരിശുദ്ധ ബാവായുടെ കല്പനപ്രകാരവും യൂലിയോസ് തിരുമേനിയുടെ അനുഗ്രഹത്തോടും കൂടി 2026 ഏപ്രിൽ 6 മുതൽ നിയമിതനായി.



തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഭദ്രാസന ദേവാലയത്തിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ഉയിർപ്പ് ഞായർ ശുശ്രൂഷ നടന്നു.



പരുമല സെമിനാരിയിൽ നടന്ന കാൽകഴുകൽ ശുശ്രൂഷയ്ക്ക് ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രധാന കാർമികത്വം വഹിച്ചു. ഫാ. പി. എ. ഫിലിപ്പ് സന്ദേശം നൽകി. സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വര്ഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വര്ഗീസ് ഏബ്രഹാം എന്നിവരും ശുശ്രൂഷയിൽ പങ്കുകൊണ്ടു.



പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലായി ചുമതലയേറ്റ പ്രൊഫ. ഡോ. റെന്നി പി. വർഗീസ്.

വചനതീർത്ഥം

പുതു ഞായറാഴ്ച

(യോഹന്നാൻ 20:19-29)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ മാത്രം കാണപ്പെടുന്നതും തോമാ ശ്ലീഹായുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലുമായ ഇന്നത്തെ വേദഭാഗം നമ്മുടെ വിശ്വാസ ജീവിതത്തെപ്പറ്റി ചിന്തിക്കുവാനും അതിൽ വളർച്ച പ്രാപിക്കുവാനും നമ്മെ സഹായിക്കുന്ന ഒന്നാണ്. കർത്താവിന്റെ ഉയർപ്പിനെ പറ്റി കൃത്യമായ ഒരു അവബോധം ശിഷ്യന്മാർക്ക് ആർക്കും തന്നെ ഉണ്ടായിരുന്നില്ല എന്ന് സുവിശേഷം നമ്മെ ഓർമിപ്പിക്കുന്നുണ്ട് (ലൂക്കോസ് 24:38; മർക്കോസ് 16:14).

ഇന്നത്തെ വേദഭാഗം ചിലരെങ്കിലും നമ്മുടെ കാവൽ പിതാവായ തോമാ ശ്ലീഹായെ അവിശ്വാസിയും സംശയാലുവുമായ തോമസ് എന്ന തലത്തിൽ വ്യാഖ്യാനിക്കുവാൻ ഉപയോഗിക്കാറുണ്ട്. എന്നാൽ തോമസിന്റെ ഏറ്റു പറച്ചിലും ജീവിതവും വേറിട്ട തലത്തിൽ അദ്ദേഹത്തെ മനസ്സിലാക്കുവാൻ നമ്മെ നിർബന്ധിതരാക്കുന്നു. ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾക്കനുസരിച്ച് സ്വന്തം വിശ്വാസത്തെ മാറ്റിമറിക്കുവാൻ തയ്യാറാകാത്ത ഒരു വ്യക്തിയെയാണ് തോമസിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്.


ധീരതയുടെ പര്യായമായ അപ്പോസ്തോലൻ

യഹൂദന്മാരോടുള്ള ഭയം നിമിത്തം പത്ത് ശിഷ്യന്മാർ മുറിയുടെ ഉള്ളിൽ അടച്ചിരിക്കുമ്പോൾ യേശുക്രിസ്തു അവർക്ക് പ്രത്യക്ഷനായ വിവരണമാണ് വിശുദ്ധ യോഹന്നാൻ നൽകുന്നത്. മുറിയുടെ സുരക്ഷിതത്വം തേടി പത്ത് പേർ ഉള്ളിലായിരുന്നപ്പോൾ അവശേഷിക്കുന്ന പതിനൊന്നാമൻ സധൈര്യം തെരുവുകളിൽ ആയിരുന്നു എന്നു വേണം നാം മനസ്സിലാക്കുവാൻ. ഇത് തോമസിന്റെ ജീവിതത്തിലെ ഒറ്റപ്പെട്ട ഒരു സംഭവമല്ല. ധൈര്യവും ചടുലതയും തോമസിന്റെ മുഖമുദ്ര ആയിരുന്നു എന്ന് സുവിശേഷം സാക്ഷിക്കുന്നുണ്ട്. ലാസറിന്റെ രോഗവിവരം കേൾക്കുമ്പോൾ "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോകുക" (യോഹന്നാൻ 11:16) എന്ന് പറയുന്ന തോമാശ്ലീഹാ ക്രിസ്തുവിനു വേണ്ടി എന്തും ഏറ്റെടുക്കുവാൻ തയ്യാറാക്കുന്ന ധീരതയുള്ള ശിഷ്യത്വത്തിന്റെ പ്രതീകമാണ്. "കർത്താവേ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല പിന്നെ വഴി എങ്ങനെ അറിയും" എന്ന് യോഹന്നാൻ 14:5-ലെ തോമസിന്റെ ചോദ്യം തന്റെ സ്വഭാവത്തിന്റെ ഭാഗമായ ചടുലതയിൽ നിന്നും പുറത്തു വന്നതാണ്. ഉയിർപ്പിനു ശേഷവും അതേ ആത്മധൈര്യമാണ് മുറിയുടെ പുറത്തു പോകുവാനും ക്രിസ്തു ശിഷ്യൻ എന്ന പരസ്യ ബോധത്തിൽ ആയിരിക്കുവാനും തോമാ ശ്ലീഹായെ ധൈര്യപ്പെടുത്തുന്നത്.

ക്രിസ്തു അനുഭവത്തിൽ ജീവിക്കുന്ന ഒരുവന് ഉണ്ടാവേണ്ട ആത്മധൈര്യവും ചടുലതയും നിലപാടുകളിലെ വ്യക്തിത്വവും തോമാശ്ലീഹായിൽ പ്രകടമാണ്. നമുക്ക് മാതൃകയായി ധീരനായ തോമാശ്ലീഹാ എന്ന നമ്മുടെ കാവൽപിതാവ് നിലനിൽക്കുകയാണ്.

ആരാധനയ്ക്ക് യോഗ്യനായവനെ സാക്ഷിക്കുന്ന അപ്പോസ്തോലൻ

"നീ അടുത്ത് വന്ന് എൻറെ വിലാപ്പുറത്ത് കൈവച്ച് നോക്കുക" എന്ന് കർത്താവ് തോമാശ്ലീഹായോട് പറയുമ്പോൾ "എൻറെ കർത്താവും എന്റെ ദൈവവുമേ" എന്ന വിഖ്യാതമായ വിശ്വാസ പ്രഖ്യാപനം അപ്പോസ്തോലൻ നടത്തുന്നുണ്ട്.. ഈ വിശ്വാസ പ്രഖ്യാപനത്തിന് അപ്പോസ്തോല ഹൃദയത്തിന്റെ ആത്മാർത്ഥതയുടെ ഗന്ധമുണ്ട്. എന്നാൽ അതിലും ഏറെ ഈ പ്രഖ്യാപനത്തിന് മറ്റൊരു മാനം ഉണ്ട്. അധിനിവേശ ശക്തികളുടെയും അധികാര ഇടങ്ങളുടെയും ധാർഷ്ട്യത്തിന് എതിരായുള്ള പുതിയ നിയമ ചരിത്രത്തിലെ ആദ്യ പ്രതിരോധ സ്വരമാണത്.




അക്കാലത്ത് പ്രബലമായിരുന്ന റോമൻ സാമ്രാജ്യത്തിന്റെ അധിപനായ കൈസർ അവകാശപ്പെട്ടിരുന്ന സ്വയം എടുത്ത് അണിഞ്ഞിരുന്ന രണ്ട് നാമങ്ങൾ ആയിരുന്നു ദൈവം(ഠവലീ) എന്നതും കർത്താവ് (Kurios) എന്നതും. ചക്രവർത്തി ആരാധന ശക്തമായിരുന്ന ഒരു കാലഘട്ടത്തിൽ ആരാധനയ്ക്ക് യോഗ്യൻ സാമ്രാജ്യത്തിന്റെ തലവൻ ആണെന്ന് ജനം എല്ലാം അംഗീകരിക്കുകയും ചക്രവർത്തിയുടെ സ്തൂപങ്ങൾക്ക് മുൻപിൽ ആരാധന അർപ്പിക്കണം എന്ന് നിർബന്ധം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു കാലവും ആയിരുന്നു അത്.

ഇങ്ങനെയുള്ള സാമ്രാജ്യത്ത ചിന്തകൾ ശക്തമായ കാലത്താണ് കൈസർ അല്ല റോമൻ സാമ്രാജ്യം കുരിശിലേറ്റിക്കൊന്ന ക്രിസ്തുവാണ് എന്റെ കർത്താവും ദൈവവും എന്ന് അപ്പോസ്തോലൻ വിളിച്ചു പറയുന്നത്. ആരാധനയ്ക്ക് യോഗ്യൻ ആരെന്ന ഒരു ശിഷ്യൻറെ അന്വേഷണത്തിന്റെ ഉത്തരമാണിത്. യോഗ്യരായ പലതും പലരും ലോകത്തിൽ ഉണ്ടാവാം. എന്നാൽ അതിന്റെ മധ്യത്തിലും താൻ പിൻപറ്റുന്നവനെ കുറിച്ചുള്ള ശിഷ്യന്റെ ബോധ്യമാണ് പ്രധാനപ്പെട്ടത്. വാസ്തവത്തിൽ സഭയുടെ സ്വഭാവവും ഇതുതന്നെയാണ്. സത്യത്തിനും നീതിക്കും വേണ്ടി ധർമ്മത്തിന്റെ പക്ഷം ചേരുവാൻ ഉള്ള ശക്തമായ ആഹ്വാനമാണ് അപ്പസ്തോലൻ സഭയ്ക്ക് നൽകുന്നത്. ❑



ഇന്ദിരാഗാന്ധി നാഷണൽ യൂണിവേഴ്സിറ്റി ഡൽഹിയുടെ 2024-25 ലെ ബി.കോം പരീക്ഷയിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും ശ്രേയ റേച്ചൽ പ്രിൻസ് കരസ്ഥമാക്കി. ഡൽഹിയിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ സ്വർണ്ണമെഡലും പുരസ്കാരവും സമ്മാനിച്ചു. വാകത്താനം വെട്ടിക്കുന്നേൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും, വാകത്താനം മൈലക്കാട്ട് പ്രിൻസ് കുരുവിളയുടെയും ഷീബയുടെയും മകളുമാണ്.



My Lord and my God

New Sunday (St. John 20:19-29)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

After the resurrection, Lord Jesus appears to the disciples on many occasions in various circumstances. That became the cause for their eyes to open gradually. Thus, the resurrection of Jesus becomes the cause for their journey from sorrow to joy, from lack of clarity to complete knowledge, and from unbelief to faith. They see that God's plan for all creation was completed in the risen Jesus. It was women who were blessed to know the good news of the resurrection first (St. Luke 24:1-12). In the service of Resurrection Sunday, when the celebrant performs the proclamation of the resurrection, the believers say as a response, "We believe truly that He has risen." Do we truly have this certainty? The disciples also had some lack of clarity regarding the resurrection of Jesus. To remove these uncertainties and to strengthen the disciples in faith, Jesus appears to the disciples on many occasions at various places. Christ's greeting of peace: Today we read the Gospel portion from St. John chapter 20, verses 19 to 29. Even though St. Mark (16:14) and St. Luke (24:36-43) describe this event, some more explanations are given in this Gospel. On Sunday, the first day of the week, while the disciples were in the place with doors shut for fear of the Jews, Jesus came and stood in the midst and said to them, "Peace be unto you."

He showed them his hands and side. The disciples rejoiced upon seeing the Lord. Though the disciples, who were completely perplexed by the death of Christ, were told earlier by Him that He would rise on the third day, they were not able to understand its meaning then. Into the midst of the disciples who were thus living completely unsettled, Christ enters and greets them with peace. In the presence of Christ, all their fear and anxiety change, and they enter into the experience of divine peace. In our daily lives too, when we pass through various kinds of problems, the presence of Christ and the comforting word of the risen Christ should be our inspiration. We are able to make Him an experience in our daily life only through the experience of the Holy Qurbana. "He who eats my body and drinks my blood, I abide in him and he in me." We must be able to experience the presence of Christ through the performance of the Holy Sacrament.

Receiving the Authority of Forgiveness of Sins

The risen Christ encouraged them and showed them His hands and side. Lord Jesus said to them, "As the Father has sent me, so I send you," and breathed on them. "Receive the Holy Spirit. Whosever sins you forgive, they are forgiven; whosever sins you retain, they are retained," saying thus, He gives the authority of forgiveness of sins to His disciples. In the beginning, in the Garden of Eden, God created man and breathed the breath of life into his nostrils. In the same way, Jesus breathed on the disciples, gave them the Holy Spirit, and gave them all authority of forgiveness. This same thing is visible in the service of Ordination, when the Prelate breathes upon the candidate and gives the authority of forgiveness of sins. It is that authority, that gift of Priesthood received through the disciples, which is active in the Church even today.



My Lord and My God

When Jesus Christ came, Thomas, called Didymus, who was one of the twelve, was not with them. When the other disciples said to him, "We have seen the Lord," Thomas said to them, "Unless I see the print of the nails in His hands and put my finger into the print of the nails, and put my hand into His side, I will not believe."

After eight days, when Thomas was also present, the Lord appeared again to the disciples. The Lord said to Thomas, "Reach your finger here, and look at My hands; and reach your hand here, and put it into My side. Do not be unbelieving, but believing." Thomas answered the Lord, "My Lord and my God!"

Here, Thomas is making a great declaration of faith, that Jesus Christ is both Lord and God. Thomas the Apostle gained clarity and certainty when he touched the risen Christ. The evangelists do not say whether Thomas the Apostle actually practiced the Lord's invitation, "Reach out your hand and look into My side." However, on this occasion, the Church traditionally believes that St. Thomas did indeed touch His holy side according to the Lord's invitation.

A related tradition is memorable here. Two fingers of St. Thomas's right hand were joined together. This was the reason for his name meaning Twin. In this moment of touching the Lord's side, those fingers were miraculously separated. Let us profess the declaration of faith of the Holy St. Thomas, who birthed us in faith, and believe firmly in Him.

Although a Patriarch in the Antiochian Church had once spoken the heresy that "St. Thomas the Apostle does not have Priesthood," today everyone is changing to recognize the Priesthood of St. Thomas the Apostle. May his intercession help us to preserve like the pupil of our eye the faith handed down by St. Thomas the Apostle!

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മൂന്നാം കണ്ണ് തുറക്കുന്ന പ്രഭാതം

ഫാ. അജീഷ് ബാബു

സുവിശേഷത്തിലെ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് ഒരു സാധാരണ സംഭവവിവരണം മാത്രമല്ല. വായിക്കുമ്പോൾ നമ്മൾ നേരിടുന്നത് ഒരു ചരിത്രസത്യത്തിന്റെ തെളിവുകൾ മാത്രം അല്ല; മറിച്ച് മനുഷ്യഹൃദയത്തിന്റെ ഭയങ്ങളും പ്രതീക്ഷകളും സംശയങ്ങളും വിശ്വാസത്തിലേക്കുള്ള മാറിപ്പോക്കുകളും ചേർന്ന ഒരു ദൈവാനുഭവമാണ്. ആഴത്തിലേക്ക് ഇറങ്ങുമ്പോൾ, അവ നമ്മെ പുറത്തുള്ള സംഭവങ്ങളിൽ നിന്ന് ഉള്ളിലെ മാറ്റങ്ങളിലേക്കാണ് നയിക്കുന്നത്. മരണം ജീവിതമായി മാറുന്ന അത്ഭുതത്തിന്റെ ആന്തരിക അനുഭവത്തിലേക്ക്.

യാത്ര മറിയ മഗ്ദലേനയുടെ നിശ്ശബ്ദ സാന്നിധ്യത്തിൽ ആരംഭിക്കുന്നു. മറ്റ് സുവിശേഷങ്ങളിൽ കാണുന്ന പോലെ ഒരു കൂട്ടം സ്ത്രീകൾ അല്ല യോഹന്നാന്റെ സുവിശേഷത്തിൽ, ഇവിടെ ഒരൊറ്റ മനുഷ്യഹൃദയമാണ് കേന്ദ്രത്തിൽ. അവളുടെ കണ്ണുനീരും ആശയക്കുഴപ്പവും നഷ്ടബോധവും ഇവയെല്ലാം നമ്മുടേതായി മാറുന്നു. ശൂന്യമായ കല്ലറയുടെ മുന്നിൽ നിൽക്കുന്ന അവൾ, ശരീരം ആരോ എടുത്തുകളഞ്ഞെന്ന ഭയത്തിലാണ്. എന്നാൽ ആ ഭയം തന്നെ അവളെ ഒരു വലിയ സത്യത്തിലേക്ക് നയിക്കുന്നു. അവൾ കാണുന്ന യേശു ആദ്യം തിരിച്ചറിയപ്പെടുന്നില്ല; ഒരു തോട്ടക്കാരനെന്ന തെറ്റിദ്ധാരണയിൽ തുടങ്ങുന്ന ആ സംഭാഷണം, "മറിയ" എന്ന വിളിയിൽ വെളിച്ചമായി വിരിയുന്നു. ആ വിളി ഒരു പേരിന്റെ ഉച്ചാരണമാത്രമല്ല; അത് ഒരു ആത്മാവിന്റെ ഉണർവ്വാണ്. അതാണ് ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യ അനുഭവം, ഒരു വ്യക്തിപരമായ വിളി.

ഇവിടെ ഉയിർത്തെഴുന്നേൽപ്പ് ഒരു കല്ലറയിൽ നടന്ന അത്ഭുതമായി മാത്രം നിലനിൽക്കുന്നില്ല; അത് മനുഷ്യന്റെ ഉള്ളിൽ തുറക്കുന്ന ഒരു ദർശനമായി മാറുന്നു. യേശു ഇനി പഴയ ശരീരത്തിന്റെ പരിധികളിൽ ഒതുങ്ങുന്നില്ല; അടഞ്ഞ വാതിലുകൾക്കുള്ളിലും പ്രത്യക്ഷപ്പെടുന്നു, വീണ്ടും അപ്രത്യക്ഷമാകുന്നു. ഇത് ഒരു പുതിയ അസ്തിത്വത്തിന്റെ സൂചനയാണ്. ശരീരവും ആത്മാവും തമ്മിലുള്ള ഒരു അത്ഭുതകരമായ സംയോജനം. ഇത് മരിച്ചവന്റെ തിരിച്ചു വരവ് മാത്രമല്ല; അത് ഒരു പുതിയ സൃഷ്ടിയുടെ ഉദയം.

ഭയത്തോടെ അടഞ്ഞ മുറികളിൽ കഴിയുന്ന ശിഷ്യന്മാരുടെ അനുഭവം ഈ സത്യത്തെ കൂടുതൽ ആഴത്തിലാക്കുന്നു. ' സമാധാനം" എന്ന് യേശു പറയുമ്പോൾ, അത് ഒരു സാധാരണ ആശംസയല്ല; ഭയത്തെ നീക്കി, വിശ്വാസത്തിലേക്കു തുറക്കുന്ന ഒരു ദൈവിക വാതിലാണ്. തന്റെ മുറിവുകൾ കാണിച്ചുകൊണ്ട് അവൻ അവരുടെ സംശയങ്ങളെ തകർക്കുന്നു, അതേ സമയം അവരെ ഒരു ദൗത്യത്തിലേക്ക് വിളിക്കുന്നു. "പിതാവ് എന്നെ അയച്ചതുപോലെ, ഞാൻ നിങ്ങളെയും അയക്കുന്നു". ഈ വാക്കുകൾ ഉയിർത്തെഴുന്നേൽപ്പിന്റെ അർത്ഥത്തെ വ്യക്തമായി തുറന്നുകാട്ടുന്നു.

ഇവിടെ അവസാനമൊന്നുമില്ല; എല്ലാം ഒരു തുടക്കമാണ്. ഈ തുടക്കത്തിന്റെ ഹൃദയത്തിൽ ആത്മാവിന്റെ ശ്വാസമുണ്ട്.

ദൈവം മനുഷ്യനിൽ ശ്വാസം ഊതിയപ്പോൾ ജീവൻ ലഭിച്ചതുപോലെ, യേശു തന്റെ ശിഷ്യന്മാരിൽ ആത്മാവിനെ നൽകുന്നു. ഇത് ഒരു പുതിയ സൃഷ്ടിയുടെ പ്രതീകമാണ്. "ശ്വാസം", "കാറ്റ്", "ആത്മാവ്" ഈ വാക്കുകൾ ഇവിടെ ഒരേ അർത്ഥത്തിൽ സംഗമിക്കുന്നു. മനുഷ്യൻ വീണ്ടും ജീവിക്കുന്നു; ശരീരത്തിൽ മാത്രമല്ല, ദൈവത്തോടുള്ള ബന്ധത്തിൽ പുതുക്കപ്പെട്ട ഒരു ജീവിതമായി.

എന്നാൽ ഈ വിശ്വാസയാത്രയിൽ സംശയം അന്യമായ ഒന്നല്ല. തോമസ് അതിന്റെ പ്രതിനിധിയാണ്. അവൻ കാണണം, സ്പർശിക്കണം, ഉറപ്പുവരുത്തണം. അപ്പോൾ മാത്രമേ വിശ്വസിക്കൂ. യേശു അവന്റെ സംശയത്തെ തള്ളുന്നില്ല; മറിച്ച് അതിനെ ഉൾക്കൊള്ളുന്നു. എന്നാൽ അതിനപ്പുറം, "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന വാക്ക്, വിശ്വാസത്തിന്റെ മറ്റൊരു ഉയരം തുറക്കുന്നു. ഇവിടെ വിശ്വാസം തെളിവുകളിൽ നിന്ന് ജനിക്കുന്നതല്ല; അത് ഹൃദയത്തിന്റെ ആഴത്തിൽ ഉദിക്കുന്ന ഒരു ഉറപ്പാണ്. എല്ലാ അനുഭവങ്ങളുടെയും പിന്നിൽ ഒരു വലിയ ദൈവിക താളമുണ്ട്, "മൂന്നാം ദിനം" എന്ന താളം. ഇത് ഒരു കാലക്രമപരമായ സൂചന മാത്രമല്ല; അത് ദൈവത്തിന്റെ ഇടപെടലുകളുടെ രഹസ്യമായ ഒരു നിമിഷമാണ്. തിരുവെഴുത്തിന്റെ പേജുകളിൽ പലവട്ടം മുഴങ്ങുന്ന ഈ താളം, യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിൽ പരിപൂർണതയിൽ എത്തുന്നു. ക്രൂശിൽ അവസാനിച്ചുവെന്നു തോന്നിയ കഥ, മൂന്നാം ദിവസം ഒരു പുതിയ അർത്ഥം



കണ്ടെത്തുന്നു. മനുഷ്യർ "അവസാനം" എന്ന് പറഞ്ഞിടത്ത്, ദൈവം "തുടക്കം" എന്ന് പറയുന്നു. ഇവിടെ നിന്നാണ് "മൂന്നാം കണ്ണ്" എന്ന ദർശനം തുറക്കുന്നത്.

രണ്ട് കണ്ണുകൾകൊണ്ട് നോക്കുമ്പോൾ, ക്രൂശ് ഒരു പരാജയമാണ്; ഒരു ഗുരുവിന്റെ മരണം, ഒരു സ്വപ്നത്തിന്റെ തകർച്ച. എന്നാൽ മൂന്നാം കണ്ണ് തുറക്കുമ്പോൾ, അതേ ക്രൂശ് സ്നേഹത്തിന്റെ പരമാവധി പ്രഖ്യാപനമായി മാറുന്നു. ശൂന്യകല്ലറ ഒരു നഷ്ടത്തിന്റെ തെളിവല്ല; അത് ഒരു പുതിയ സൃഷ്ടിയുടെ ആരംഭമാണ്. ഈ കണ്ണ് പുറത്തുള്ള സംഭവങ്ങളെ മാത്രം കാണുന്നില്ല; അവയുടെ അകത്തുള്ള സത്യത്തെ തിരിച്ചറിയുന്നു. മറിയയുടെ വിളിയിൽ ഈ കണ്ണ് തുറക്കുന്നു. എമ്മാവൂസിലേക്കുള്ള വഴിയിൽ അപ്പം മുറിക്കുന്ന നിമിഷത്തിൽ അത് തെളിയുന്നു. തോമസിന്റെ സ്പർശത്തിൽ അത് ഉറപ്പിക്കുന്നു. ഉയിർത്തെഴുന്നേൽപ്പ് ആദ്യം ഒരു കല്ലറയിൽ സംഭവിച്ചതല്ല; അത് മനുഷ്യഹൃദയങ്ങളിൽ ഒരു പുതിയ ദർശനമായി ഉദിച്ചുയർന്നതാണ്.

ഇതിന് ഒരു സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലവും ഉണ്ട്. ക്രൂശിക്കൽ റോമൻ സാമ്രാജ്യത്തിന്റെ ഭീഷണിയായിരുന്നുവെങ്കിൽ, ഉയിർത്തെഴുന്നേൽപ്പ്

അതിൻറെ മറുപടിയാണ്.

അധികാരം ശരീരത്തെ ഇല്ലാതാക്കുമ്പോഴും, സത്യത്തെ ഇല്ലാതാക്കാൻ കഴിയില്ലെന്ന പ്രഖ്യാപനമാണ് അത്. ഈ പ്രഖ്യാപനം ശബ്ദമില്ലാത്ത ഒരു വിപ്ലവമാണ് ആയുധങ്ങളില്ലാത്ത, എന്നാൽ ചരിത്രത്തെ മാറ്റിമറിക്കുന്ന ഒരു വിപ്ലവം.

ഈസ്റ്ററിന്റെ അർത്ഥം ഇവിടെ നിന്ന് നമ്മുടെ ജീവിതത്തിലേക്ക് ഒഴുകുന്നു. നമ്മെ വഞ്ചിച്ചവരാൽ നമ്മുടെ കഥ അവസാനിക്കുന്നില്ല. നമ്മുടെ തോൽവികൾ നമ്മുടെ ജീവിതത്തിന്റെ അന്തിമ നിർവചനമല്ല. മറിച്ച്, അവയാണ് നമ്മിൽ ഒരു മൂന്നാം കണ്ണ് തുറക്കാനുള്ള അവസരങ്ങൾ. വേദനയുടെ ഇരുട്ടിൽ, നമ്മൾ കാണാതെ പോയ സത്യങ്ങളെ കാണാൻ തുടങ്ങുന്നു. നഷ്ടത്തിന്റെ നടുവിൽ, നമ്മിൽ ഇപ്പോഴും നിലനിൽക്കുന്ന ശക്തിയെ തിരിച്ചറിയുന്നു.

വഞ്ചനയുടെ കയ്പ് അറിഞ്ഞവർക്കാണ് സ്നേഹത്തിന്റെ മാധുര്യം കൂടുതൽ ആഴത്തിൽ മനസ്സിലാകുന്നത്. കാരണം അവർ പുറമേയുള്ള ഉറപ്പുകളിൽ നിന്ന് മാറി, ഉള്ളിലെ സത്യത്തിലേക്ക് കടക്കുന്നു. അവിടെ സ്നേഹം ഒരു വികാരം മാത്രമല്ല; അത് ഒരു നിലപാടാണ്, ഒരു ദിശയാണ്, ഒരു പുനർജന്മശക്തിയാണ്. ഈസ്റ്റർ നമ്മെ പഠിപ്പിക്കുന്നത് ഇതാണ് സ്നേഹം വഞ്ചിക്കപ്പെടാം, പക്ഷേ അത് നശിക്കില്ല; സത്യം അടിച്ചമർത്തപ്പെടാം, പക്ഷേ അത് മാഞ്ഞുപോകില്ല. ക്രിസ്തുവിന്റെ ഉയർപ്പ് നമ്മോട് ചോദിക്കുന്നത് ഒരു ലളിതമായ ചോദ്യം തന്നെയാണ്: നാം എവിടെയാണ് നിൽക്കുന്നത്? ശൂന്യകല്ലറയുടെ മുന്നിൽ ആശയക്കുഴപ്പത്തിൽ നിൽക്കുന്ന മറിയയാണോ, ഭയത്തിൽ അടഞ്ഞ മുറിയിൽ ഇരിക്കുന്ന ശിഷ്യന്മാരാണോ, തെളിവ് തേടുന്ന തോമസാണോ? അല്ലെങ്കിൽ, മൂന്നാം കണ്ണ് തുറന്ന് പുതിയ ദർശനത്തിലേക്ക് കടക്കുന്ന ഒരാളാണോ?

ഏത് അവസ്ഥയിലായാലും, ഉയിർത്തെഴുന്നേൽപ്പിന്റെ സന്ദേശം ഒരേയാണ്, വിളി വ്യക്തിപരമാണ്, വിശ്വാസം ഒരു യാത്രയാണ്, ജീവിതം എപ്പോഴും ഒരു പുതിയ തുടക്കമാണ്. കാരണം, ഒരിക്കൽ സ്നേഹം സത്യമായി നമ്മുടെ ഉള്ളിൽ ഉണർന്നാൽ, അതിനെ ഒരു കല്ലറയും അടച്ചുവെക്കാൻ കഴിയില്ല.



ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ ഡോ. തോമസ് മാർ അത്താനാസിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ വലിയ വെള്ളിയാഴ്ച്ച ശുശ്രൂഷകൾ നടന്നു.



ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷയ്ക്ക് പരുമല സെമിനാരിയിൽ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രധാന കാർമികത്വം വഹിച്ചു.



ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സഖറിയാ മാർ സേവേറിയോസ് ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. അജു എബ്രഹാം, അസിസ്റ്റന്റ് വികാരി ഫാ. ചെറിയാൻ ജോസഫ്, ഫാ ഷിബു ജോൺ എന്നിവർ സഹ കാർമ്മികത്വം വഹിച്ചു.

ഫാ ടി. ജെ. ജോൺസൺ അന്തരിച്ചു




ഡൽഹി ഭദ്രാസനത്തിലെ വൈദികനായിരുന്ന ഫാ. ടി. ജെ. ജോൺസൺ അന്തരിച്ചു. ഡൽഹി മയൂർ വിഹാർ സെന്റ് ജോൺസ് പള്ളി വികാരിയായിരുന്നു. മണ്ണാരകുളഞ്ഞി മാർ ബസ്സേലിയോസ് ഓർത്തഡോക്സ് പള്ളി ആണ് മാതൃ ഇടവക. ഭാര്യ: സ്മിത മക്കൾ: സിറിൽ, ജോർജി. സംസ്കാരശുശ്രുഷ പിന്നീട്.



കെ. ജെ. എബ്രഹാം അന്തരിച്ചു

തോട്ടയ്ക്കാട്: കൊടുവയലിൽ കിഴക്കേക്കര കെ. ജെ. എബ്രഹാം അന്തരിച്ചു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന സെക്രട്ടറി, പുതുപ്പള്ളി ഡിസ്ട്രിക്ട് ഓർഗനൈസർ, കോട്ടയം മെത്രാസന കൗൺസിൽ അംഗം, പാമ്പാടി അഭയഭവൻ ചാരിറ്റബിൾ സൊസൈറ്റി കൗൺസിൽ അംഗം തുടങ്ങി വിവിധ നിലകളിൽ സ്തുത്യർഹ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്ക്കാരം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

വായന





ഡോ. എം കുര്യൻ തോമസ് എഡിറ്റർ ആയി പ്രസിദ്ധീകരിച്ച 'സൂര്യനിൽ ഒരു ഇടം. തിരുവനന്തപുരം സെന്റ്. ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ചരിത്ര വഴികൾ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോട്ടയത്ത് നിർവഹിച്ചു. മലങ്കര മൽപ്പാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർ-ഏപ്പിസ്ക്കോപ്പാ ആദ്യപ്രതി ഏറ്റുവാങ്ങി. ശതോത്തര രജത ജൂബിലി പിന്നിട്ട സെന്റ് ജോർജ് ദേവാലയത്തിന്റെ സമ്പൂർണ്ണ ചരിത്രം അനാവരണം ചെയ്യുന്ന പുസ്തകത്തിന്റെ കോപ്പികൾ മലങ്കര ഓർത്തഡോക്സ് സഭയുടെ പുസ്തക ശാലകളിൽ ലഭ്യമാണ്.

സൂര്യനിൽ ഒരു ഇടം

വളരെയേറെ ദീർഘവീക്ഷണത്തോടെയാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ തിരുവിതാംകൂറിന്റെ രാജ്യതലസ്ഥാനമായ തിരുവനന്തപുരത്ത് ഒരു പൊതുസ്ഥാപനവും പള്ളിയും പണിതുയർത്തുവാൻ യത്നിച്ചത്. അന്ന് തിരുവനന്തപുരത്ത് നസ്രാണികളുടെ എണ്ണം അംഗുലീപരിമിതമായിരുന്നെങ്കിലും ആധുനിക മലങ്കരസഭയ്ക്ക് ആത്മീയവും ലൗകികവുമായ അടിസ്ഥാനമിട്ട അദ്ദേഹം വിദ്യാഭ്യാസ-ഭരണരംഗങ്ങളിൽ കുതിച്ചുയരുന്ന തിരുവനന്തപുരത്തിന്റെ പ്രാധാന്യം അന്നേ തിരിച്ചറിഞ്ഞു. *സൂര്യനിൻ ഒരു ഇടം* എത്രയും പെട്ടന്ന് സ്വന്തമാക്കുക - കൈവശമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ ഉന്നം തെറ്റിയില്ല. ഭരണപരമായി രാജ്യതലസ്ഥാനം സംസ്ഥാന തലസ്ഥാനമായി ചുരുങ്ങിയെങ്കിലും തിരുവനന്തപുരം വളർന്നു. അദ്ദേഹം സ്ഥാപിച്ച സെന്റ് ജോർജ് പള്ളിയും വളർന്നു. കത്തീഡ്രലായി. തിരുവനന്തപുരത്ത് അനേകം പള്ളികളും ചാപ്പലുകളുമായി. തിരുവനന്തപുരം ഒരു ഭദ്രാസനം തന്നെയായി വളർന്നു. സഭയ്ക്ക് പല സ്ഥാപനങ്ങളുമുണ്ടായി.

സെന്റ് ജോർജ് പള്ളി കൂദാശ ചെയ്തിട്ട് ഒന്നേകാൽ ശതാബ്ദം മാത്രമേ പിന്നിട്ടുള്ളു എങ്കിലും പള്ളിപ്പുരയിടം കൈവശമായത് അതിന് അര ശതാബ്ദമെങ്കിലും മുമ്പാണ്. പക്ഷേ രേഖകൾ ലഭ്യമായിട്ടും തിരുവനന്തപുരം പള്ളിയുടെ ആദ്യകാല ചരിത്രം കൃത്യമായി രേഖപ്പെടുത്തുന്ന ഒരു ശ്രമവും ഉണ്ടായതായി അറിയില്ല. കഴിഞ്ഞ നൂറു വർഷത്തെ സംഭവങ്ങളുടെ നാൾവഴി പോലും തയാറാക്കിയിരുന്നില്ല.

മലങ്കര മെത്രാപ്പോലീത്തായോടൊപ്പം സഭ മുഴുവനും കൈത്താങ്ങേകി പണിതുയർത്തിയ തിരുവനന്തപുരം പള്ളിയുടെ ലിഖിത ചരിത്രരേഖാ ശൂന്യത നികത്തുവാനുള്ള ഒരു ശ്രമവും ശതോത്തര കനക ജൂബിലി വർഷത്തിൽ പോലും ഉണ്ടാകാതിരുന്നതാണ് ഇത്തരമൊരു ഉദ്യമത്തിന് ഈ ലേഖകനെ പ്രേരിപ്പിച്ചത്.

പക്ഷേ അതത്ര എളുപ്പമായിരുന്നില്ല. തിരുവനന്തപുരത്തു നിന്ന് രേഖകൾ ലഭിക്കുവാനുള്ള വിഘ്നങ്ങളായിരുന്നു മുഖ്യ കാരണം. ഈ സമയത്താണ് അപ്രതീക്ഷിതമായി മുതിർന്ന പത്രപ്രവർത്തകനായ ശ്രീ തോമസ് ജേക്കബ്, കോളജ് വിദ്യാഭ്യാസ വകുപ്പിലെ റിട്ട. ലൈബ്രേറിയൻ ആയ ശ്രീ എ. ജെ. എം. നൈനാൻ എന്നിവർ സഹായഹസ്തവുമായി മുമ്പോട്ടുവന്നത്. അതോടെ ചരിത്രരചനയുടെ പാത സുഗമമായി. *സൂര്യനിൻ ഒരു ഇടം* യാഥാർത്ഥ്യമായി.

രേഖകൾ ലഭ്യമാക്കുന്നതിനപ്പുറം ശ്രീ. തോമസ് ജേക്കബ്, തിരുവനന്തപുരത്തെ ക്രൈസ്തവ സാന്നിദ്ധ്യവും സംഭാവനകളും വിവരിക്കുന്ന ഒരു പശ്ചാത്തല വിവരണവും ശ്രീ. നൈനാൻ തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെ വിശദമായ ഒരു ചരിത്രനാൾവഴിയും എഴുതിത്തന്നു. പള്ളിയിൽ ലഭ്യമായ രേഖകളെയാണ് മുഖ്യമായും ശ്രീ. നൈനാൻ തന്റെ നാൾവഴിക്ക് അവലംബിച്ചിരിക്കുന്നത്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ പ. പരുമല തിരുമേനി 1900 നവംബർ 22-ന് തിരുവനന്തപുരം സെന്റ് ജോർജ്ജ് സുറിയാനിപ്പള്ളി കൂദാശചെയ്തു. അതിന്റെ ശതോത്തര രജത ജൂബിലി 2025 നവംബർ 22-ന് ആരവങ്ങളില്ലാതെ കടന്നുപോയി.

2026-27 വർഷം പ. പരുമല തിരുമേനിയുമായി ബന്ധപ്പെട്ട അനേക സംഭവങ്ങളുടെ ജൂബിലികളാണ്. അതിനാൽ അക്കാലത്തെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ, *പ. പരുമല തിരുമേനി വർഷം* ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. ആ കാലഘട്ടത്തിനു പ്രാരംഭം കുറിക്കുന്ന ഈ സമയത്തു തന്നെ അദ്ദേഹത്തിന്റെ തൃക്കരങ്ങളാൽ അഭിഷേകം ചെയ്യപ്പെട്ട, ശതോത്തര രജത ജൂബിലി പിന്നിട്ട, തിരുവനന്തപുരം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ചരിത്രവഴികൾ വിവരിക്കുന്ന *സൂര്യനിൻ ഒരു ഇടം* എന്ന ഈ കൃതി പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. *സൂര്യനിൻ ഒരു ഇടം* നിങ്ങളുടെ കൈകളിലേയ്ക്ക്.

- ഡോ. എം. കുര്യൻ തോമസ്

സൂര്യനിൽ ഒരു ഇടം

(തിരുവനന്തപുരം സെൻറ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ചരിത്രവഴികൾ)

144 പേജ്. വില 200 രൂപ.

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.



കൊല്ലം ഭദ്രാസനത്തിലെ പോരുവഴി മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തിയ കാൽ കഴുകൽ ശുശ്രൂഷയ്ക്ക് മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് പ്രധാന കാർമ്മികത്വം വഹിച്ചു



ബസേലിയസ് കോളേജ് പ്രിൻസിപ്പലായി പ്രൊഫ. ഡോ. പി. ജ്യോതിമോൾ സ്ഥാനമേറ്റു. ഏഴു വർഷമായി കോളജ് വൈസ് പ്രിൻസിപ്പൽ ആയിരുന്നു. എം.ജി. സർവകലാശാല അക്കാഡമിക് കൗൺസിൽ അംഗവും സർവകലാശാല പിജി ബോർഡ് ഓഫ് സ്റ്റഡീസ് അംഗവുമാണ്. കോളജ് ഇംഗ്ലീഷ് വകുപ്പ് മുൻ മേധാവിയാണ്.